കസനവും ബിൽ എടുക്കാം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് ബിൽ അവതരിപ്പിക്കാം.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ബിൽ[+] പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു : സർ, ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. ഇവിടെ വ്യവസായ ഏകജാലക നിയമം കൊണ്ടുവന്നിരിക്കുന്നത് ഇനിയും കാലതാമസം ഉണ്ടാകുന്നതിനുള്ള ഒരു കാരണമാകരുത്. ഇത് വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാർ ഒരുമിച്ചുകൂടി ചെയ്യേണ്ടതായിട്ടുള്ള ഒരു കാര്യമാണ്. നമ്മുടെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളുടെ അവാർഡിനെക്കുറിച്ച് ഒരുകാര്യം പറയാനുണ്ട്. മൂന്നുമാസത്തിനുള്ളിൽ അവാർഡ് പ്രഖ്യാപിച്ചിരിക്കണമെന്നാണ് അതിലെ വ്യവസ്ഥ. അതിനുവേണ്ടിയാണ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് മുമ്പാകെ കേസ്സുകൾ റഫർ ചെയ്യുന്നത്. പക്ഷേ മൂന്നുമാസം പോയിട്ട് മൂന്നുകൊല്ലംകഴിഞ്ഞാൽപ്പോലും ആ അവാർഡ് കിട്ടാറില്ല. അപ്പോൾ അതിലുള്ള കാലതാമസംപോലെതന്നെ ഇതിനും കാലതാമസം ഉണ്ടാക്കരുതെന്നാണ് എന്റെ അഭിപ്രായം, അതാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്. മറ്റൊരുകാര്യം ഇവിടെ വ്യവസായം വരുന്നതിന് പത്രക്കാരാണ് തടസ്സമായിട്ട് നിൽക്കുന്നതെന്നുള്ള രീതിയിൽ കഴിഞ്ഞ ദിവസം വ്യവസായ വകുപ്പുമന്ത്രി പ്രസംഗിക്കുകയുണ്ടായി. ഇവിടെയുള്ള ചില പ്രമുഖപത്രങ്ങളിൽ ഇതേക്കുറിച്ച് എഡിറ്റോറിയൽ വന്നിട്ടുണ്ട്. മന്ത്രിയുടെ പ്രസംഗത്തെക്കുറിച്ചാണ് പത്രക്കാർ അവരുടെ എഡിറ്റോറിയലുകളിൽ എഴുതിയിരിക്കുന്നത്. ഒരു കാര്യം പറയാം., ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദന് മന്ത്രിയെ പിന്താങ്ങേണ്ട കാര്യമുണ്ടായിരിക്കാം, പക്ഷേ ഉണ്ടായ കാര്യങ്ങൾ പറയാതിരിക്കാൻ പറ്റില്ലല്ലോ. ഇവിടെ ചില പത്രക്കാർ തന്നെ മന്ത്രിയുടെ പ്രസ്താവനയെക്കുറിച്ച് എഡിറ്റോറിയലുകൾ എഴുതിയിട്ടുണ്ട്. എനിക്കുപറയാനുള്ളത് മുഖം നല്ലതല്ലാത്തതിന് കണ്ണാടി തല്ലിപ്പൊട്ടിച്ചിട്ട് കാര്യമില്ല എന്നാണ്. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി തന്നെ ഈ സഭയിൽ ആദ്യത്തെ ഡിമാന്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് പറഞ്ഞതെന്താണെന്നറിയാമോ? എനിക്ക് ഒരു വർഷം തരൂ, എന്നാണ് മന്ത്രി ഇവിടെ ആവശ്യപ്പെട്ടത്. നിങ്ങളുടെ ഭരണം തീരാൻ ഇനിയൊരു 15 മാസക്കാലംകൂടി ബാക്കിയുണ്ട്. എന്നിട്ടും കാര്യമായിട്ട് ഇവിടേക്ക് വ്യവസായങ്ങളൊന്നും വന്നിട്ടില്ല എന്നുള്ളത് വസ്തുതയാണ്. കാരണം പലതുണ്ടായിരിക്കാം, അതുകൊണ്ട് വ്യവസായങ്ങൾ ഇവിടേയ്ക്ക് വരുന്നതിന് അനുകൂലമായ രാഷ്ട്രീയ-

---

[+] അനുബന്ധം VI
1094/2010.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ കാലാവസ്ഥ സൃഷ്ടിക്കാൻ ഗവൺമെന്റ് ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തിയേ തീരൂ. കേരളത്തിലെ പത്രങ്ങളിലൊക്കെ വന്നിട്ടുള്ള ഒരു കാര്യമുണ്ട്. 40,000 കോടിരൂപയുടെ നിക്ഷേപം തമിഴ്നാട്ടിലെ വ്യാവസായിക മേഖലയിൽ ഉണ്ടായി. നമ്മുടെ സംസ്ഥാനത്ത് വളരെ നിസ്സാരമായ നിക്ഷേപം മാത്രമേ ഉണ്ടായിട്ടുള്ളൂ. ബംഗാളിൽപ്പോലും നിക്ഷേപമുണ്ടായിട്ടുണ്ട്. ലിബറലൈസേഷന്റെ ഫലമായിട്ടാണ് അങ്ങനെ നിക്ഷേപമുണ്ടായിട്ടുള്ളത്. എന്നാൽ കേരളത്തിലെ വ്യാവസായികമേഖലയിൽ നിക്ഷേപം വരുന്നില്ല, ഇത് മുഖ്യമായും മന്ത്രിയുടെ മാത്രം കുറ്റമാണെന്നല്ല ഞാൻ പറയുന്നത്, അതിന് അനുകൂലമായ രാഷ്ട്രീയ-സാമൂഹ്യ കാലാവസ്ഥ ഇവിടെയുണ്ടാവണം. നിക്ഷേപകരെ ഇവിടേക്ക് ആകർഷിക്കുന്നതിന് സഹായകരമായ സാഹചര്യമുണ്ടാക്കുകയാണ് വേണ്ടത്. അതാണ് ഞാൻ സൂചിപ്പിക്കുന്നത്. അതുപോലെ ഇപ്പോൾ മന്ത്രി തന്ന കണക്കനുസരിച്ച് 5400-ഓളം ചെറുകിട വ്യവസായസ്ഥാപനങ്ങൾ ഇവിടെ പൂട്ടിക്കിടക്കുകയാണ്. ഇക്കാര്യം ഇവിടെ ശ്രീ. കെ.പി. രാജേന്ദ്രൻ ഒരു കാളിംഗ് അറ്റൻഷനിലൂടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്; ഞാൻ പറയുന്നതല്ല. അതുപോലെ തന്നെ വൻകിട വ്യവസായങ്ങൾ പലതും കുഴപ്പത്തിലാണ്. അതുകൊണ്ട് ഈ നിയമം കൊണ്ടുവന്ന് നമ്മുടെ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനംകൂടി ആവശ്യമാണ്. ഉദാഹരണത്തിന് ഓട് വ്യവസായത്തിന്റെ കാര്യം എടുക്കാം. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയുമായി ഈ വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ചർച്ച നടന്നിരുന്നു. നമ്മുടെ സംസ്ഥാനത്തിലെ ഒരു ട്രെഡീഷണൽ ഇൻഡസ്ട്രിയാണ് ഓട് വ്യവസായം. ഏതാണ്ട് അഞ്ഞൂറോളം ഓട് കമ്പനികൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ വ്യവസ്ഥകളെല്ലാം പാലിച്ചു പോരുമ്പോൾ ഈ വ്യവസായം നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നില്ലായെന്നുള്ളത് റപ്രസന്റ് ചെയ്തത് അവിടെയുള്ള വ്യവസായശാലകളിലെ തൊഴിലാളികളുടെ യൂണിയനുകളാണ്. സി.ഐ.ടി.യു., എ.ഐ.ടി.യു.സി, ഐ.എൻ.ടി.യു.സി., എന്നീ സംഘടനകളുൾപ്പെടെയുള്ളവരുടെ തൊഴിലാളി പ്രതിനിധികൾ ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. പക്ഷേ വ്യവസായികളുടെ ഇവിടേയ്ക്കുള്ള വരവിനെക്കുറിച്ച് പറഞ്ഞാൽ തമിഴ്നാട്ടിലും കർണ്ണാടകത്തിലുമുള്ള വ്യവസായികൾക്ക് അവിടെയുള്ള സർക്കാരുകൾ എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. ഇവിടെ വ്യവസായങ്ങൾ പലതും നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഇക്കാര്യം ഗൗരവമായിട്ട് എടുക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. 27-12-99 ലെ നക്ഷത്രചിഹ്നമിട്ട 278-ാം നമ്പർ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞത് ഇപ്പോൾ 140 നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു എന്നാണ്. അതു സംബന്ധിച്ച പ്രഖ്യാപനം ബഡ്ജറ്റിലും ഉണ്ടായിരുന്നു. എന്നിട്ട് നമ്മുടെ സംസ്ഥാനത്ത് എത്ര സ്ഥലത്ത് വ്യവസായ പാർക്കുകൾ ആരംഭിച്ചു? കഴക്കൂട്ടത്ത് മാത്രമേ ആരംഭിച്ചിട്ടുള്ളൂ. വ്യവസായ പാർക്ക് തുടങ്ങാനായി സൗജന്യമായി സ്ഥലം കിട്ടിയ ഒരൊറ്റസ്ഥലം മാത്രമേയുള്ളൂ. അപ്പോൾ സൗജന്യമായി സ്ഥലംകിട്ടിയാൽ മാത്രമേ വ്യവസായ പാർക്കുകൾ തുടങ്ങൂ എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. അപ്പോൾ ആരോ പറയുന്നതുപോലെ ഈ നിലപാട് വച്ചുപുലർത്തിയാൽ ഇവിടെ വ്യവസായം തുടങ്ങാൻ കഴിയുമോ? സൗജന്യമായിട്ട് സർക്കാരിന് കൊടുക്കാൻ ഒരിടത്തും സ്ഥലമില്ല. അതുകൊണ്ട് ഈ പദ്ധതി നടപ്പാകുമോ? ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ നിന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഈ വിവരം കിട്ടിയത്. കഴക്കൂട്ടത്ത് മാത്രമാണ് വ്യവസായ പാർക്ക് തുടങ്ങാൻ കഴിഞ്ഞത്. മറ്റുള്ള 140 നിയോജകമണ്ഡലങ്ങളിൽ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് ഇത്തരം സംഭവങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വേറൊരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് നികുതി ഏകീകരണത്തെക്കുറിച്ചാണ്. ഇവിടെ നികുതി ഏകീകരണം വരാൻ പോവുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഒരു ലക്ഷം സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയാണ് മെഴുകുതിരി വ്യവസായം. മെഴുകുതിരി നിർമ്മിക്കുന്ന ആയിരം ചെറുകിട വ്യവസായ യൂണിറ്റുകൾ ഇന്ന് കേരളത്തിലുണ്ട്. നികുതി ഏകീകരണത്തിന്റെ ഭാഗമായി കേരളത്തിലെ മെഴുകുതിരി വ്യവസായം വമ്പിച്ച പ്രതിസന്ധി നേരിടാൻ പോകുകയാണ്. അതേക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : സർ, നമ്മുടെ സംസ്ഥാനത്തെ വ്യവസായത്തകർച്ചക്ക് പ്രധാനകാരണം അയൽ സംസ്ഥാനങ്ങളിൽ കൂലികുറവായതാണ് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ? ദേശീയതലത്തിൽ അതല്ലെങ്കിൽ റീജിയണൽ തലത്തിൽ തൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. ബാബു</u> : അക്കാര്യം ഉൾപ്പെടെയുള്ളവ മനസ്സിൽ വച്ചുകൊണ്ടാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ വ്യവസായങ്ങളോടുള്ള കെ.എഫ്.സി.യുടെ സമീപനം എന്താണ്? കാരണമെന്തായാലും കെ.എഫ്.സി.യുടെ വ്യവസായങ്ങളോടുള്ള നിലപാട് ഗുണകരമായിട്ടല്ല കാണുന്നത്. ഈ സഭയുടെ ഈ സമ്മേളനത്തിൽ കെ.എഫ്.സി.യുടെ നിലപാടിനെക്കുറിച്ച് സി.പി.ഐ.(എം)-ന്റെ പ്രമുഖനേതാവായ ശ്രീ. കണാരേട്ടൻ തന്നെയാണ് ഒരു ഉപക്ഷേപം കൊണ്ടുവന്നത്. അതുപോലെ തന്നെ ഇപ്പോൾ നമ്മുടെ കേന്ദ്രഗവൺമെന്റിന്റെ വ്യവസായനയത്തെയും അത്തരം കാര്യങ്ങളെയൊക്കെ എതിർക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ വ്യവസായ നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പല വ്യവസായങ്ങളും കുഴപ്പത്തിലേക്ക് നീങ്ങുകയാണ്. കേന്ദ്രഗവൺമെന്റിന്റേയും നമ്മുടെ നിയന്ത്രണത്തിലില്ലാത്ത സംസ്ഥാന ഗവൺമെന്റുകളുടെയോ അതോറിറ്റികളുടെയോ നിലപാടിന്റെയും ഫലമായി കേരളത്തിലെ വ്യവസായങ്ങളെ അത് ദോഷകരമായി ബാധിക്കുന്നത് ഒരുപരിധിവരെ മനസ്സിലാക്കാൻ സാധിക്കും. പക്ഷേ സംസ്ഥാന ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ പല വ്യവസായങ്ങളും നഷ്ടത്തിലാകാതെയും പൂട്ടിപ്പോകാതെയും സംരക്ഷിക്കാൻ കഴിയും. ഉദാഹരണത്തിന്· പൊതുമേഖലയിലുള്ള ടി.ടി.സി.യുടെ കാര്യം ബഹുമാനപ്പെട്ടമന്ത്രിക്ക് തന്നെ അറിയാം. ഞാൻ സമയക്കുറവുകൊണ്ട് അതേക്കുറിച്ച് കൂടുതലായിട്ട് വിശദീകരിക്കുന്നില്ല. സംസ്ഥാന ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വ്യവസായമന്ത്രിയും ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയും കൂടിയിരുന്ന് ഒരു തീരുമാനമെടുത്താൽ ടി.ടി.സി.യെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാൻ കഴിയും. കേരളത്തിലെ അനവധി പൊതുമേഖലാസ്ഥാപനങ്ങളുടെ ഭാവി സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനമനുസരിച്ചാണ് മുന്നോട്ടുപോകേണ്ടത്. കേരള ഗവൺമെന്റ് തന്നെ സമയത്ത് ഒരു തീരുമാനം എടുക്കാത്തതുമൂലം കേരളത്തിലെ വ്യവസായങ്ങൾ പൂട്ടിപ്പോകാനിടയാകുന്ന ഒരു സാഹചര്യമുണ്ടാക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. അടുത്ത നൂറ്റാണ്ടിലേക്ക് നാം കടക്കാൻപോവുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ അടുത്ത നൂറ്റാണ്ടിനെക്കുറിച്ച് വിശദമായി നമുക്ക് ഒരു സന്ദേശം തരികയുണ്ടായി. അടുത്ത നൂറ്റാണ്ടിൽ കേരളത്തിലെ പ്രധാനപ്പെട്ട ഒരു വ്യവസായമായി വളരാൻ പോകുന്നത് ടൂറിസവും അതുപോലെതന്നെ ഐ.ടി.യുമാണ്. ഇൻഡ്യയിലെ ഏറ്റവും നല്ല ടെക്നോപാർക്കുകളിൽ ഒന്നാണ് നമ്മുടെ സംസ്ഥാനത്തുള്ള ടെക്നോപാർക്ക്. പക്ഷേ നമ്മൾ വ്യവസായത്തിന്റെ കാര്യത്തിൽ വളരെ പുറകോട്ട് പോവുകയാണ്. വ്യവസായത്തിന്റെ വികസനത്തിന് ആവശ്യമായിട്ടുള്ള ഒട്ടേറെ സഹായങ്ങളൊക്കെ വ്യവസായവകുപ്പുമന്ത്രി പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അതിനുള്ള സപ്പോർട്ട് ഈ ഗവൺമെന്റിൽ നിന്നും പലകാരണങ്ങൾകൊണ്ടും വ്യവസായവകുപ്പുമന്ത്രിക്ക് ലഭിക്കുന്നില്ലായെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് കേരളത്തിലെ വ്യവസായങ്ങളോട് പുലർത്തുന്ന ഇന്നത്തെ സമീപനത്തിൽ മാറ്റംവരുത്തേണ്ടതായിട്ടുണ്ട്. എന്തായാലും ഞാൻ അതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. കേരളം വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായനഗര പ്രദേശവികസനവും ബിൽ കൊണ്ടുവരാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. പക്ഷേ ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുതന്നെ മറ്റു മേഖലകളിലെല്ലാം ഉണർന്ന് പ്രവർത്തിക്കാനുള്ള ഒരു നിലപാട് സംസ്ഥാനഗവൺമെന്റിന് ഉണ്ടാവണം, അതിൽ ഈ ഗവൺമെന്റിന്റെ കൂട്ടായ പ്രവർത്തനത്തിന്റേയും ഒരു പ്രശ്നമുണ്ട്. അക്കാര്യത്തിൽ ഞാൻ അത്രയേ പറയുന്നുള്ളൂ.

മി. സ്പീക്കർ : യേസ്, ഇനി ഭേദഗതികൾ, ശ്രീ. ഇ.എം. അഗസ്തിക്ക് അങ്ങയുടെ ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. ഇ.എം. അഗസ്തി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിന്റെ ഉള്ളടക്കത്തോട് യോജിക്കുകയാണ്. ഉള്ളടക്കത്തോട് യോജിക്കുമ്പോൾത്തന്നെ ഞാൻ ഒരുകാര്യം വളരെ വിനയപൂർവ്വം ചൂണ്ടിക്കാണിക്കട്ടെ-ഇവിടെ നടന്ന എല്ലാ പ്രസംഗങ്ങളും ഉദാരവൽക്കരണത്തിന് എതിരായിരുന്നു. പക്ഷേ ഈ ബിൽ ഉദാരവൽക്കരണത്തിന്റെ ഒരു മുഖമാണ് എന്ന കാര്യം ഞാൻ ആദ്യമായി ഓർമ്മിപ്പിക്കുകയാണ്. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ഇൻഡസ്ട്രിയൽ ലൈസൻസുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ലളിതവൽക്കരിക്കുകയും വ്യവസായസംരഭകരെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക എന്നുപറയുന്നത് ലിബറലൈസേഷന്റെ സ്വതന്ത്രമായ മുഖമാണ്. ആ മുഖംപോലെ രാജ്യത്തെ മറ്റുസംസ്ഥാനങ്ങളിലും ഇതുപോലുള്ള ബില്ലുകൾ വന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയാൻപോകുന്നതെങ്കിലും സത്യാവസ്ഥ മറ്റൊന്നാണ്. ലിബറലൈസേഷനെ സൈദ്ധാന്തികമായി എതിർക്കുമ്പോൾ ലിബറലൈസേഷന്റെ പരിവേഷം നൽകുന്ന ഒരു ബില്ലാണ് കൊണ്ടുവന്നിരിക്കുന്നതെന്ന യാഥാർത്ഥ്യം സത്യമനസ്സോടുകൂടി തുറന്ന് സമ്മതിക്കുവാൻ മന്ത്രിയും ഗവൺമെന്റും തയ്യാറാകണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ ദീർഘമായി അതേക്കുറിച്ച് സംസാരിക്കുന്നില്ല. ഈ ബിൽ കൊണ്ടുവന്നതു കൊണ്ടുമാത്രം ഇവിടെ വ്യവസായം ഉണ്ടാവുമെങ്കിൽ അത് നല്ലതാണ്. വ്യവസായം ഉണ്ടാകുമോ എന്ന് ഉത്തരവാദിത്വമുള്ള സ്ഥാനത്തിരിക്കുന്ന ഒരു ഗവൺമെന്റും മന്ത്രിയും ആലോചിക്കണം. അങ്ങ് ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിരിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച ധവളപത്രമുണ്ട്. ആ ധവളപത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രതിഫലിപ്പിച്ചിരിക്കുന്ന ചിന്തയൊന്നുമല്ല ഈ ബില്ലിലൂടെ പ്രകടമാകുന്നതെന്നുള്ളത് യാഥാർത്ഥ്യമാണ്. എത്രയോ സ്വപ്നങ്ങളുണ്ട്. ഈ ബില്ലിന്റെ മുഖവുരയിൽ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ വളർത്തുന്നതിനുള്ള ഉദ്ദേശ്യമുണ്ട്. ഈ വ്യവസായ സംരംഭങ്ങൾ വളർത്താനുള്ള താൽപ്പര്യവും കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതിയും സംബന്ധിച്ച ചിത്രം കാണുമ്പോൾ എന്താണ് കേരളത്തെപ്പറ്റിയുള്ള ചിത്രം? ബഹുമാനപ്പെട്ട ബാബു ചൂണ്ടിക്കാണിച്ചതുപോലെ വ്യവസായങ്ങൾക്ക് അനുകൂലമായ ഒരു പശ്ചാത്തലമുണ്ടാക്കാനും ഒരു വ്യവസായ സംസ്ക്കാരമുണ്ടാക്കാനും മുതൽമുടക്ക് നടത്തുന്ന ആളുകളെ പ്രോൽസാഹിപ്പിക്കാനും ആ മുതൽമുടക്കിന് അനുസൃതമായ പുരോഗതിയുണ്ടാക്കുന്നതിനും പ്രൊഡക്ടിവിറ്റിയുണ്ടാക്കുന്നതിനും, അതിനനുസൃതമായി ഒരു സാമൂഹ്യപശ്ചാത്തലവും രാഷ്ട്രീയ സംസ്ക്കാരവും കേരളത്തിൽ ഉരുത്തിരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോയെന്നുമാത്രമാണ് എനിക്ക് ചോദിക്കാനുള്ളത്. മന്ത്രിയോട് ഒരു പരിഭവവും ഞാൻ പറയുന്നില്ല. ഏറെ സ്വപ്നങ്ങളുണ്ട്. അതിനേക്കാൾ ഏറെ ആഗ്രഹങ്ങളുമുണ്ട്. കുഞ്ചൻ നമ്പ്യാർ പാടിയതുപോലെ, "കുണ്ടിലിരിക്കും തവളക്കുഞ്ഞിന് കുന്നിനുമീതെ പറക്കാൻ മോഹം" എന്നതുപോലെ വലിയ സ്വപ്നങ്ങളുമുണ്ട്. ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഒരു പങ്കും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇല്ല. ആ സ്വപ്നങ്ങൾ സ്വപ്നങ്ങളായിത്തന്നെ മാറുമോ, ജലരേഖയായി മാറുമോ എന്ന സംശയം മാത്രമേയുള്ളൂ. ഞാൻ ദീർഘമായി സംസാരിച്ച് മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ബില്ലിനെ സംബന്ധിച്ച് ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ഇവിടെ ക്ലാസ് ബൈ ക്ലാസ് ചർച്ച വരികയാണ്; അപ്പോൾ ചർച്ച ചെയ്യാവുന്നതാണെന്ന് വേണമെങ്കിൽ പറയാം. പക്ഷേ അതിനനുസൃതമായ ഭേദഗതികൾ ഇവിടെ ഞാൻ നോക്കിയിട്ട് കണ്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ലൈസൻസുകൾ ലളിതമാക്കി, പല ഓഫീസ്സുകളിൽ നിന്ന് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ലൈസൻസുകൾ കിട്ടേണ്ട ബുദ്ധിമുട്ടുകൾ ഒഴിവാക്കി വ്യവസായം തുടങ്ങാൻ വേണ്ട സഹായം ചെയ്തുകൊടുക്കാൻ സിംഗിൾ വിൻഡോ സിസ്റ്റം കൊണ്ടുവരുമെന്നാണ് ഇവിടെ പറഞ്ഞത്. അതിന്റെ ഉദ്ദേശശുദ്ധിക്കുനേരെ വിപരീതമായിട്ടാണ് 13-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്. 13-ാം വകുപ്പിൽ ലൈസൻസ് റദ്ദാക്കാനുള്ള സംസ്ഥാന ബോർഡിന്റെ അധികാരത്തെ സംബന്ധിച്ചാണ് പറയുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി വായിച്ചുനോക്കണം. അതിൽ ഏകപക്ഷീയമായി പറയുന്നത്, ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട "അധികാര സ്ഥാനത്തോട് അവർ നൽകിയ ലൈസൻസോ, സർട്ടിഫിക്കറ്റോ ക്ലീയറൻസോ റദ്ദാക്കാൻ ഉത്തരവ് മുഖേന നിർദ്ദേശിക്കാവുന്നതാണ് " എന്നാണ്. ലൈസൻസൊക്കെ റദ്ദ് ചെയ്യണം. ഒരിക്കൽ ലൈസൻസ് കൊടുത്താൽ ആ ലൈസൻസ് അനിയന്ത്രിതമായി തുടരുന്നത് ശരിയല്ല. പക്ഷേ ആ ലൈസൻസ് റദ്ദ് ചെയ്യുമ്പോൾ, അതിനുശേഷമുള്ള വാചകം "എന്നാൽ, ഏതെങ്കിലും ഒരു കക്ഷിയെ ബാധിക്കുന്ന യാതൊരുത്തരവും ആ കക്ഷിക്ക് ഒരു നിവേദനം നൽകുന്നതിനുള്ള അവസരം നൽകാതെ സംസ്ഥാന ബോർഡ് പാസ്സാക്കുവാൻ പാടുള്ളതല്ല" എന്നാണ്. ഒരു നിവേദനം എന്നു പറഞ്ഞാൽ എത്രയോ അവ്യക്തമാണ്. കേരളംപോലുള്ള ഒരു സ്ഥലം എത്രയോ വ്യത്യസ്തമായ രാഷ്ട്രീയ താൽപ്പര്യങ്ങളുള്ള സ്ഥലമാണ്. അധികാരത്തിൽ ആരോ വരട്ടെ; ഏത് ബോർഡും ആകട്ടെ,

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് ഏതായാലും ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണല്ലോ. ഗവൺമെന്റിന് ഇഷ്ടമില്ലാത്ത വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള അമിതാധികാരത്തിന്റെ പ്രവണത ഇതിൽ കാണുന്നു. ആദ്യഭാഗത്ത് കാണുന്നതിനുനേരെ വിപരീതദിശയിലേയ്ക്കാണ് ഇവിടെ വകുപ്പുകൾ പോകുന്നത്. അതുകൊണ്ട് അതിൽ കുറച്ചുകൂടി ക്ലാരിറ്റിയുണ്ടാകുന്നതിനെ സംബന്ധിച്ച് ഈ വൈകിയ അവസരത്തിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം.എ. തോമസ്</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായനഗര പ്രദേശ വികസനവും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി. സുശീലാ ഗോപാലൻ)</u> : സർ, വളരെ ദീർഘമായി ഈ അവസരത്തിൽ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഇവിടെ ചില പ്രശ്നങ്ങൾ ഉന്നയിച്ചതുകൊണ്ട് ചില കാര്യങ്ങൾ പറയേണ്ടത് ആവശ്യമാണ്. ചെറുകിട വ്യവസായങ്ങളുടെ തകർച്ചയെ സംബന്ധിച്ച് പറഞ്ഞു. ശരിയാണ്. അതിനുവേണ്ടി ഈ ഗവൺമെന്റ് ചെയ്തതുപോലെ മറ്റൊരു ഗവൺമെന്റും ചെയ്തിട്ടില്ല. മൂന്ന് ജില്ലകളിൽ പ്രത്യേക ഓഫീസർമാരെ നിയമിച്ച് പുനരുദ്ധാരണത്തിനുള്ള നടപടികൾ എടുത്തുവരികയാണ്. ബാക്കിയുള്ള ജില്ലകളിലേയ്ക്ക് ഇത് വ്യാപിപ്പിച്ച് ഏതാണ്ട് 4,228 ചെറുകിട വ്യവസായങ്ങൾ ഐഡന്റിഫൈ ചെയ്ത് പുനരുദ്ധരിക്കുന്നതിന് ബാങ്കുകളുമായി ചർച്ചചെയ്ത് നടപടിയെടുത്തുവരികയാണ്. അക്കാര്യത്തിൽ വളരെ ശക്തമായിട്ടുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ചെറുകിട വ്യവസായങ്ങളെ പ്രത്യേകം ശ്രദ്ധിക്കുകയും സിഡ്കോവഴി അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയുമാണ്. അതുപോലെതന്നെ ഉൽപ്പന്നങ്ങൾ കയറ്റിഅയയ്ക്കുന്നതിനും വിപുലമായ പരിപാടികൾ ഉണ്ടാക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്. അതിൽ എന്നോട് വിവേചനം കാണിച്ചിട്ടില്ല. ഉള്ള സമ്പത്തിൽനിന്നുമാത്രമേ എനിക്കും തരാൻ കഴിയൂ. ബാക്കിപോരാതെ വരുന്നത് ഉണ്ടാക്കാനുള്ള മാർഗ്ഗവും പരിശോധിച്ചിട്ടുണ്ട്.

<u>ശ്രീ. പാലോട് രവി</u> : ഇവിടെ വ്യവസായനയം അവതരിപ്പിച്ചുകൊണ്ട് ഏതാണ്ട് 3500 കോടി രൂപയുണ്ടാക്കുമെന്നും രണ്ടു വർഷംകൊണ്ട് മൂന്നുലക്ഷംപേർക്ക് തൊഴിൽ കൊടുക്കുമെന്നും പ്രഖ്യാപിച്ചതാണ്. അതിൽ ഏതെങ്കിലും കാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3000 കോടിയിലധികം രൂപയുടെ ഇൻവെസ്റ്റുമെന്റ് ചെറുകിട-വൻകിട മേഖലകളിൽ വന്നുകഴിഞ്ഞിരിക്കുകയാണ്. 1264 കോടി രൂപയുടെ പദ്ധതികൾ പൂർണ്ണമായിക്കഴിഞ്ഞു. ബാക്കി 1211 കോടി രൂപയുടേത് കെ.എസ്.ഐ.ഡി.സി വഴിയുള്ളതാണ്. അതെല്ലാം ഓൺ-ഗോയിംഗ് സ്കീമുകളാണ്. അതിവേഗത്തിൽ അത് പൂർണ്ണമാകും. അതുകൂടാതെ ചെറുകിട വ്യവാസയമേഖലയിൽ 1200 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് വന്നുകഴിഞ്ഞു. രണ്ടുകാര്യത്തിലും ഇത് സർവ്വകാല റെക്കോർഡാണ്. ആദ്യത്തെ രണ്ടരക്കൊല്ലക്കാലം ഇലക്ട്രിസിറ്റി കട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നുവെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട മെമ്പർമാർ പറയുമ്പോൾ ഈവക കാര്യങ്ങളെപ്പറ്റി ബോധമുണ്ടായിരിക്കണം. 4-5 മാസം 100 ശതമാനം പവർ കട്ടുള്ള സംസ്ഥാനത്ത് ആരെങ്കിലും വ്യവസായവുമായി വരുമോ? അതുപോലെതന്നെ കഴിഞ്ഞകാല ഗവൺമെന്റുകൾ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിൽ കാണിച്ച അലസതയാണ് വാസ്തവത്തിൽ ഈ സ്ഥിതിയിലേയ്ക്ക് വഴിതെളിച്ചിട്ടുള്ളത്. ഇന്ന് അതിന് പരിഹാരമുണ്ടായി. ഇനിയിപ്പോൾ ആളുകൾ വരും. എന്നുമാത്രമല്ല, ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഏറ്റവും കുറവുള്ള സംസ്ഥാനമായിരുന്നു കേരളം.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് ഗ്രോത്ത് സെന്ററിനെക്കുറിച്ചാണ്. അന്ന് പാർലമെന്റിൽ വ്യവസായം സംബന്ധിച്ച സ്റ്റാന്റിംഗ് കമ്മിറ്റിയിലുണ്ടായിരുന്ന അംഗമാണ് ഞാൻ, ഗ്രോത്ത് സെന്ററുകൾക്കുവേണ്ടി ഏറ്റവും അവസാനം പണമെടുത്ത സംസ്ഥാനം കേരളമാണ്. ഞങ്ങൾ വന്നതിനുശേഷമാണ് രണ്ട് ഗ്രോത്ത് സെന്ററുകളുടെ പണി പൂർത്തിയാക്കിയത്. ഇപ്പോൾ മൂന്നാമത്തേതിന്റെ പണി തുടങ്ങിക്കഴിഞ്ഞു. നാലാമത്തേതിന് ചേർത്തലയിൽ സ്ഥലമെടുത്ത് ധ്രുതഗതിയിൽ പ്രവർത്തനം നടന്നുവരുന്നു. അതുപോലെതന്നെ നാല് ഇൻഡസ്ട്രിയൽ പാർക്കുകളുടെ പണി പൂർത്തിയായി. അതിന്റെ മുഴുവൻ വിശദാംശവും ഇപ്പോൾ ഞാൻ പറയുന്നില്ല. ഫ്രീ ആയിട്ടുതന്നെ ഇപ്പോൾ 37 സ്ഥലത്ത് ഭൂമി കിട്ടി. ഒരെണ്ണം പൂർത്തിയായി. ഒൻപതു സ്ഥലത്തെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പണത്തിന്റെ വിഷമവുമുണ്ട്. ഫ്കിലും അതെല്ലാം പൂർത്തിയാക്കും. ബാക്കിയുള്ള അഞ്ച് സ്ഥലം കൂടെ കിട്ടാനുള്ളത് ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. അതുകൂടെ കിട്ടും. എന്തായാലും ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ്, പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ. മാരടക്കം സഹായിച്ചാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്ഥലമെടുക്കാൻ കഴിയും. കുറച്ച് വിലകുറച്ചെങ്കിലും കിട്ടാനുള്ള പരിശ്രമം നടത്തിയാൽ കുറച്ച് വാങ്ങുകയും ചെയ്യാം. മറ്റേത് ഫ്രീ സ്ഥലമായിട്ട് എടുക്കുകയും ചെയ്യാം. പ്രഖ്യാപനം നടത്തിയാൽ ചെയ്യാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെപ്പറ്റി പറഞ്ഞു. ഓടു വ്യവസായത്തെപ്പറ്റി വിശദമായ പഠനം നടത്തിയതിന്റെ റിപ്പോർട്ട് വന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മുഴുവൻ സ്റ്റെപ്സും എടുത്തുകഴിഞ്ഞു. ഓരോ സ്ഥലത്തും ആർ.ഡി.ഒ.മാരുടെ നേതൃത്വത്തിൽ കമ്മിറ്റി ഉണ്ടാക്കി സ്ഥലം ഐഡന്റിഫൈ ചെയ്തുകഴിഞ്ഞു. 250-ഓളം ചതുരശ്ര ഹെക്ടർ സ്ഥലം ഇപ്പോൾ കണ്ടെത്തി. എവിടെയാണ് നല്ല ക്ലേ കിട്ടുന്നതെന്നുള്ളതു സംബന്ധിച്ച് ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് പര്യവേഷണം നടത്തി സ്ഥലം കണ്ടെത്തിയിരിക്കുന്നു. അവർ അത് തുടരുകയാണ്. അതുകൊണ്ട് നല്ല ക്ലേ കിട്ടാനാവശ്യമായ വിധത്തിലുള്ള നടപടിയെടുത്തിട്ടുണ്ട്. അത് എടുത്താൽ ലോക്കലായിട്ടുള്ള കൃഷിക്കാരന് ബുദ്ധിമുട്ട് വരാതിരിക്കാൻവേണ്ടിയാണ് ആർ.ഡി.ഒ. മാരുടെ നേതൃത്വത്തിൽ കൃഷിക്കാരെയും കൂട്ടിച്ചേർത്തുകൊണ്ടുള്ള കമ്മിറ്റി ഉണ്ടാക്കിയത്. അത് പ്രവർത്തിക്കുന്ന സ്ഥലത്ത് അതിന്റെ ഫലമുണ്ടായിട്ടുണ്ട്. ബാക്കിയുള്ള സ്ഥലത്തും അങ്ങനെയുള്ള കമ്മിറ്റികൾ രൂപീകരിക്കാൻ നിർബന്ധമായി പറഞ്ഞിട്ടുണ്ട്. അത് നടപ്പിലാക്കിയാൽ നമുക്ക് കൃഷിക്കാരെ വിഷമിപ്പിക്കാതെ തന്നെ ക്ലേ എടുക്കാൻ കഴിയും. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഞങ്ങളുടെ സഹായത്തോടുകൂടിത്തന്നെ മോഡേൺ മെഷിനറി അടിയന്തിരമായി എടുത്തുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ വിപുലമായ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതിനെപ്പറ്റിയൊന്നും തെറ്റിദ്ധാരണ വേണ്ട. വെറുതെ

LIBRARY ARCHIVES Kerala Legislative Assembly

പഠനം നടത്തുകയല്ല. കയർ വ്യവസായത്തെപ്പറ്റി പഠിച്ചു. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. അതിനുള്ള സഹായങ്ങൾ ചെയ്യുന്നു. അങ്ങനെ ഓരോ മേഖലയെപ്പറ്റിയും എനിക്കു പറയാൻ കഴിയും. ഇപ്പോൾ സമയം കുറവായതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. പിന്നെ വ്യവസായങ്ങൾ പൂട്ടുന്നു എന്നുപറഞ്ഞു. ഇവിടെ പൂട്ടിയ വ്യവസായങ്ങൾ തുറന്നുകൊണ്ടിരിക്കുകയാണ്. നിരവധി സ്ഥാപനങ്ങൾ തുറക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. രണ്ടു മൂന്നു സ്ഥാപനങ്ങൾ തുറന്നു. ബാക്കിയുള്ളതും തുറക്കാനുള്ള നടപടികളുടെ ഭാഗമായി പ്രൊമോട്ടേഴ്സ് വന്നുകൊണ്ടിരിക്കുകയാണ്. പൂട്ടിക്കിടന്ന വ്യവസായങ്ങൾ ഏറ്റെടുക്കാൻ പ്രൊമോട്ടേഴ്സ് മുൻകൈയെടുക്കുന്നുണ്ട്. സമയക്കുറവുമൂലം വിശദമായി ഞാൻ അതിലേക്ക് കടക്കുന്നില്ല. ഒരു മേഖലയേയും അവഗണിക്കുന്നില്ല. ടെക്നോപാർക്കിന്റെ കാര്യം പറഞ്ഞു. ടെക്നോപാർക്ക് ഇപ്പോൾ വികസിച്ചുകൊണ്ടിരിക്കുകയാണ്. തന്നെയുമല്ല ജോയിന്റ് വെഞ്ചർ പ്രോഗ്രാം വരാൻ പോകുകയാണ്. രണ്ടു സ്റ്റേജായി പതിനഞ്ചു കെട്ടിടങ്ങൾ വ്യക്തികളുടെ പാർട്ടിസിപ്പേഷനോടുകൂടി വരാൻ പോകുകയാണ്. അതിനുള്ള എല്ലാ പരിപാടികളും തയ്യാറായിരിക്കുന്നു. എറണാകുളത്ത് ഹൈ ടെക് പാർക്കിന്റെ ഡെവലപ്മെന്റ് ഉടനെ നടക്കും. ഇതെല്ലാം സ്വകാര്യ വ്യക്തികളുടെ സഹായത്തോടുകൂടിയാണ് ചെയ്യാൻ പോകുന്നത്. തെറ്റിദ്ധാരണ വേണ്ട.

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, ലിബറലൈസേഷന്റെ പാതയിലൂടെയാണോ അതെല്ലാം നടപ്പാക്കുന്നത്?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ലിബറലൈസേഷനാണോ എന്നു ചോദിച്ചാൽ, പൊതുമേഖല സ്വകാര്യവൽക്കരിക്കില്ല. അതിനർത്ഥം ലിബറലൈസേഷനാണോ എന്ന് ആലോചിക്കണം. വ്യവസായങ്ങളെ സഹായിക്കുക എന്നുള്ളത് എന്നും ഞങ്ങളുടെ നയമാണ്. സ്വകാര്യ വ്യവസായങ്ങളെ സഹായിക്കില്ലെന്ന് ഈ ഗവൺമെന്റ് ഒരിക്കലും പറഞ്ഞിട്ടില്ല, അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയവുമല്ല. പക്ഷേ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കില്ല. ചില നയങ്ങളുടെ കാര്യത്തിൽ ശക്തമായ എതിർപ്പുണ്ട്. കസ്റ്റംസ് ഡ്യൂട്ടി കുറച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പല വ്യവസായങ്ങളേയും അത് ബാധിക്കുന്നുണ്ട്. എല്ലാ വർഷവും ബഡ്ജറ്റിനു മുമ്പായി കേന്ദ്രത്തിൽ പോയി മന്ത്രിമാരെക്കണ്ട് അത് എത്രയധികം നിറുത്തിവയ്ക്കാൻ കഴിയുമോ അത്രയും ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. ചിലതിൽ ഫലവുമുണ്ട്. അതൊന്നും ലിബറലൈസേഷനെ അനുകൂലിക്കലല്ല; ലിബറലൈസേഷനെ അതിശക്തിയായിത്തന്നെ എതിർക്കുന്നു. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നത്ര കാര്യങ്ങൾ ചെയ്യുന്നുണ്ട്. വ്യവസായങ്ങൾ വരാനുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കാത്തിരുന്നു കാണുക. പത്രക്കാർ പറയാറുണ്ട് കാത്തിരുന്നു കാണുക എന്ന് വ്യവസായ മന്ത്രി പറയുന്നു എന്ന്. ഞാൻ ഇപ്പോഴും ഉറപ്പിച്ചു പറയുകയാണ്. അതിന്റെ ഫലമുണ്ടാകും, അതിനുള്ള സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. പത്രക്കാരെപ്പറ്റി രാജ്യദ്രോഹികൾ എന്നൊന്നും ഞാൻ പറഞ്ഞില്ല. കേരളത്തിന്റെ ഇമേജ് തകർക്കാൻ ശ്രമിക്കുന്നവർ ആരായാലും അവർ രാജ്യദ്രോഹികളാണെന്നു പറഞ്ഞു.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, അവർ പത്രക്കാരാണോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : പത്രക്കാരും അങ്ങനെ ചെയ്തിട്ടുണ്ട്. എന്താ ഇവിടെ മുഴുവനും പണിമുടക്കാണോ? പണിമുടക്കാണെന്നുപറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞാൽ ശരിയാണോ? ഐ.എൻ.ടി.യു.സി. തൊഴിലാളികളടക്കം എന്നോട് സഹകരിക്കുന്നു. ഞാൻ ഒരു ലേബർ കോൺഫറൻസ് വിളിച്ചു. വ്യവസായങ്ങളെപ്പറ്റി ചർച്ചചെയ്യാൻ വിളിക്കുന്ന യോഗത്തിൽ ഐ.എൻ.ടി.യു.സി. അടക്കമുള്ള തൊഴിലാളികൾ എന്നോട് സഹകരിക്കുന്നുണ്ട്. നല്ല ലേബർ റിലേഷൻഷിപ്പുണ്ട്. ഇതുപോലെ മറ്റേതു സംസ്ഥാനത്തുണ്ട്? എന്റെ മുമ്പിൽ കണക്കുകളുണ്ട്. ബാഗ്ലൂരിൽ ഈ അടുത്ത കാലത്ത് നടന്ന സമരങ്ങൾ എത്രയാണ്? ബി.പി.എൽ-ലെ സമരത്തെപ്പറ്റി കെ.പി.പി. നമ്പ്യാരോട് ചോദിക്കൂ. എന്താണ് ഇപ്പോൾ അവിടത്തെ സ്ഥിതി? കേരളത്തിൽ പണിമുടക്കില്ല. കഴിഞ്ഞ മൂന്നു മാസങ്ങളായി ശ്രീ. നമ്പ്യാരുടെ തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ തർക്കമുണ്ടായി. അവസാനം ബസ്സിനു തീവച്ചു. അതിനോടനുബന്ധിച്ച് കുറെ ആളുകൾ ആശുപത്രിയിലായി. രണ്ടുപേർ മരിച്ചു. ബാംഗ്ലൂരിൽ, കേരളത്തിന്റെ തൊട്ടപ്പുറത്തു നടന്ന സംഭവമാണ്. ഇവിടെ എത്ര സമാധാനപരമായി കാര്യങ്ങൾ നടന്നുപോകുന്നു! ഞാൻ മുഴുവൻ കാര്യങ്ങളും അറിഞ്ഞുകൊണ്ടിരിക്കുകയാണ്, എല്ലാ വിവരങ്ങളും ശേഖരിക്കുന്നുണ്ട്. നിങ്ങൾ പറയുന്നതു പോലെയല്ല. തമിഴ്നാട്ടിൽ സമരം ഒരുകൊല്ലം നീണ്ടുനിന്നു. പതിനായിരത്തോളം വരുന്ന ഗാർമെന്റ് വർക്കേഴ്സ് സമരം നടത്തി. ഇപ്പോഴും ആ പണിമുടക്കു സമരം തീർന്നിട്ടില്ല. എണ്ണൂറുപേർ ഇപ്പോഴും പുറത്താണ്. അതിനുശേഷം എത്ര വലിയ പ്രക്ഷോഭണം നടന്നു. കേരളത്തിലാണെങ്കിൽ നിങ്ങൾ എന്തു പറയുമായിരുന്നു? ബാംഗ്ലൂരിലും ദീർഘകാലമായി സമരം നടക്കുന്നു. ബി.പി.എൽ-ലെ സമരം നമുക്കറിയാം. ഞാൻ അതിലേക്ക് വളരെ വിശദമായി കടക്കുന്നില്ല. കേരളത്തിൽ സമാധാനപരമായി വ്യവസായങ്ങൾ വരും. എത്ര പത്രക്കാർ ശ്രമിച്ചാലും വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് വരുന്നതു തടയാനൊക്കുകയില്ല. കേരളത്തിലെ ആളുകൾ മാത്രമല്ല വിദേശികൾപോലും വരാൻ ആഗ്രഹം പ്രകടിപ്പിക്കുകയാണ്. ചിലരെല്ലാം വന്നു കഴിഞ്ഞു. അടുത്ത ജനുവരി മാസത്തിൽ വിദേശ മലയാളികളുടെ ഒരു ടീം ഇവിടെ വരുന്നുണ്ട്. അതെല്ലാം പ്രതിപക്ഷത്തുള്ളവർക്കും കാണാൻ കഴിയും. എന്തായാലും യു.ഡി.എഫ്.ന്റെ ഭരണകാലത്ത് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ വ്യവസായങ്ങൾ ഈ അഞ്ചു കൊല്ലത്തിനുള്ളിൽ ഉണ്ടാകും എന്ന് എനിക്ക് ഉറപ്പ് പറയാൻ കഴിയും.

ശ്രീ. ഇ.എം. അഗസ്തി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. എം.എ. തോമസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(115) വകുപ്പ് 2 (എ) യിൽ "സർക്കാർ വകുപ്പോ" എന്ന വാക്കുകൾക്ക് പകരം "അധികാരസ്ഥാനമോ സർക്കാർ വകുപ്പോ" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(118) വകുപ്പ് 2(എഫ്)ൽ "വ്യവസായ പാർക്കുകൾ " എന്ന വാക്കുകൾക്കും "വളർച്ചാ കേന്ദ്രങ്ങൾ" എന്ന വാക്കുകൾക്കും ഇടയിൽ "സോഫ്റ്റ് വെയർ പാർക്കുകൾ" എന്ന വാക്കുകൾ കൂടി ചേർക്കുക.

(122). വകുപ്പ് 2 (ജെ) യിൽ "നീരാവി കൊണ്ടുള്ള ഊർജ്ജമോ" എന്ന വാക്കുകൾക്കുപകരം "സൗരോർജ്ജമോ നീരാവികൊണ്ടുള്ള ഊർജ്ജമോ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(120) വകുപ്പ് 2(എഫ്)ൽ "വളർച്ചാകേന്ദ്രങ്ങൾ" എന്നതിനുശേഷം "വ്യവസായം സ്ഥാപിച്ച് നടത്തിക്കൊണ്ടുപോകുന്നതിനുള്ള മറ്റു കേന്ദ്രങ്ങൾ" എന്നു ചേർക്കുക.

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(123) വകുപ്പ് 2(ജെ)യിൽ "മെക്കാനിക്കൽ ഊർജ്ജമോ" എന്നതിനു പകരം "പാരമ്പര്യേതര ഊർജ്ജമോ" എന്നു ചേർക്കുക.

വ്യവസായം എന്ന് ഡിഫൈൻ ചെയ്യുന്നതിനുപകരം വ്യവസായ സംരംഭം എന്ന് ഡിഫൈൻ ചെയ്താൽ കൊള്ളാം. പവർ സോഴ്സ് ഏതൊക്കെയാണെന്ന് പറഞ്ഞില്ല. അതിന്റെ കൂടെ പാരമ്പര്യേതര ഊർജ്ജം എന്നു കൂടി ചേർക്കണം.

<u>ശ്രീ. പാലോട് രവി</u> : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(125) വകുപ്പ് 2 (എം) ൽ "1951-ലെ വ്യവസായങ്ങൾ (വികസനവും നിയന്ത്രണവും) ആക്ട് (1951-ലെ 65-ാം കേന്ദ്ര ആക്ട്) 11 ബി വകുപ്പിന്റെ "എന്നതിനുപകരം 1951-ലെ വ്യവസായങ്ങൾ (വികസനവും നിയന്ത്രണവും) ആക്ട് (1951-ലെ 65-ാം കേന്ദ്ര ആക്ട്)ന്റെ 11 ബി വകുപ്പിന്റെ "എന്നു ചേർക്കുക."

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(127) വകുപ്പ് 2(ഒ)യിൽ "അത്തരം ഏതെങ്കിലും ആക്ടു മൂലം നൽകപ്പെട്ട" എന്നതിനുപകരം "അത്തരം ഏതെങ്കിലും ആക്ടു മൂലമോ ഓർഡിനൻസു മൂലമോ" എന്നു ചേർക്കുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 124-ാം നമ്പർ ഭേദഗതി സ്വീകാര്യമായിരുന്നു. സഭയിൽ ഹാജരില്ലാത്തതുകൊണ്ട് ആ ഭേദഗതി ഓറൽ ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

വകുപ്പ് 2(ജെ) യിൽ "ഊർജ്ജത്താൽ പ്രവർത്തിപ്പിക്കുന്ന" എന്നതിനു പകരം "ഊർജ്ജത്താൽ പ്രവർത്തിപ്പിക്കപ്പെടുന്ന" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

സർവ്വശ്രീ ജോണി നെല്ലൂർ, പി.ജെ. ഫ്രാൻസിസ്, ഇ.എം. അഗസ്തി, പാലോട് രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

<u>ശ്രീ. കെ. ബാബു</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(129) 'വകുപ്പ് 3(1)-ൽ "ക്ലിയറൻസുകളും" എന്നതിനുശേഷം "അനുമതി പത്രങ്ങളും" എന്നു ചേർക്കുക ഇതിന് ചിലപ്പോൾ അനുമതിയും വാങ്ങേണ്ടിവരും. ഇപ്പോൾ ഇലക്ട്രിക് കണക്ഷൻ വാങ്ങണം. ഏതെങ്കിലും പ്രോപ്പർട്ടി ക്രോസ് ചെയ്യേണ്ടിവരും; അപ്പോൾ അനുമതിയും വാങ്ങേണ്ടതായി വരും. അതുകൊണ്ടാണ് ക്ലിയറൻസുകളും അനുമതി പത്രങ്ങളും എന്ന് ചേർത്തത്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ താഴെപ്പറുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(138) വകുപ്പ് 3(3)(ബി)യിൽ നികുതി എന്ന വാക്കിനുശേഷം "നിയമം" എന്ന വാക്ക് ചേർക്കുക.

(140) വകുപ്പ് 3(3) (സി) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"(ഡി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ"

(143) വകുപ്പ് 3(3) (ഒ) ആയി താഴെ പറയുന്നത് ചേർക്കുക.

'(ഒ) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ.

(144) വകുപ്പ് 3(3) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക.

(ബി) വ്യവസായം, ധനകാര്യം വകുപ്പുകളുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിമാരുടെ റാങ്കിൽ കുറയാത്ത രണ്ടുപേർ;

(സി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറോ അല്ലെങ്കിൽ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത അദ്ദേഹത്തിന്റെ പ്രതിനിധിയോ;

(ഡി) കേരള ഫിനാൻസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറോ അദ്ദേഹം നിയോഗിക്കുന്ന ജനറൽ മാനേജരുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനോ:

(ഇ) ചീഫ് ടൗൺ പ്ലാനർ;

(എഫ്) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ മാനേജിംഗ് ഡയറക്ടറോ"

LIBRARY ARCHIVES Kerala Legislative Assembly

(145) വകുപ്പ് 3(4)-ൽ "കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ" എന്നതിനു പകരം "വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ" എന്നാക്കുക.

(160) വകുപ്പ് 3(6)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:

"(7) സംസ്ഥാന ബോർഡിന്, നിർണ്ണയിക്കപ്പെട്ടപ്രകാരം അതിന്റെ അധികാരങ്ങളും ചുമതലകളും അങ്ങനെയുള്ള നിയന്ത്രണങ്ങളും വ്യവസ്ഥകളും എന്തെങ്കിലുമുണ്ടെങ്കിൽ അതിനു വിധേയമായി അതു രൂപീകരിക്കുന്ന ഏതെങ്കിലും ഉപസമിതിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്".

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിക്കുന്നു:

(139) വകുപ്പ് 3(3) (ബി)യിൽ "എന്നീ വകുപ്പുകളുടെ" എന്നതിനു പകരം "എന്നീ ഓരോ വകുപ്പിന്റേയും" എന്നുകൂടി ചേർക്കുക.

(161) വകുപ്പ് 3(6)-നുശേഷം താഴെപ്പറയുന്ന പുതിയ ഉപവകുപ്പുകൾ ചേർക്കുക.

"(7) (6)-ാം ഉപവകുപ്പുപ്രകാരം ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്ന വ്യക്തിക്കോ വ്യക്തികൾക്കോ ബോർഡിലെ ചർച്ചകളിൽ പങ്കെടുക്കാവുന്നതും എന്നാൽ വോട്ട് ഇല്ലാത്തതുമാകുന്നു.

(8) ബോർഡ് യോഗങ്ങളിൽ (6)-ാം ഉപവകുപ്പുപ്രകാരം പങ്കെടുക്കുന്ന വ്യക്തിക്കോ വ്യക്തികൾക്കോ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള യാത്രാപ്പടിയും മറ്റ് അലവൻസുകളും നൽകാവുന്നതാണ്.

161-ാം നമ്പർ ഭേദഗതി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കാരണം, സംസ്ഥാന ബോർഡിന് ആക്ട് പ്രകാരമുള്ള ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തിൽ ഉപദേശം നേടുന്നതിനുവേണ്ടി എക്സ്പെർട്ടായ ആളെ വിളിച്ചുവരുത്താമെന്നുള്ളതാണ്. അങ്ങനെ വിളിച്ചുവരുത്തുന്ന ആളുകൾക്ക് ബോർഡിലുള്ള അധികാരം എന്തായിരിക്കുമെന്നുള്ളതു സംബന്ധിച്ച് വിവക്ഷ ചെയ്യണം. അവർക്ക് വോട്ടവകാശമുണ്ടാകരുത്. അതുപോലെ പങ്കെടുക്കുന്ന വ്യക്തിക്കോ വ്യക്തികൾക്കോ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് ചേർക്കണം. കാരണം, പ്രത്യേക പർപ്പസിനുവേണ്ടി വിളിച്ചുവരുന്ന പ്രൊഫഷണൽ എക്സ്പെർട്ട് ആണ്, അല്ലെങ്കിൽ ഗവൺമെന്റ് ഉദ്യോഗസ്ഥനാണ്. അത് പരിഗണിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : സർ, ഞാൻ എന്റെ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(153) വകുപ്പ് 3(5)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(5എ)-ബോർഡ് യോഗത്തിന്റെ തീരുമാനങ്ങൾ യോഗത്തിൽ ഹാജരായിട്ടുള്ള ഭൂരിപക്ഷം അംഗങ്ങളുടെ വോട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതും അംഗങ്ങളുടെ വോട്ട് തുല്യമായി വരുന്ന സംഗതിയിൽ ചെയർമാന് ഒരു കാസ്റ്റിംഗ് വോട്ടുണ്ടായിരിക്കുന്നതും അദ്ദേഹം ആ വോട്ട് ചെയ്യേണ്ടതുമാണ്"

ഇത് ക്ലാസ് 5 കഴിഞ്ഞ് (5എ) ആയി ചേർക്കണമെന്നാണ് എന്റെ നിർദ്ദേശം. ബോർഡ് യോഗത്തിന്റെ തീരുമാനങ്ങൾ യോഗത്തിൽ ഹാജരായിട്ടുള്ള ഭൂരിപക്ഷം അംഗങ്ങളുടെ വോട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതും അംഗങ്ങളുടെ വോട്ട് തുല്യമായി വരുന്ന സംഗതിയിൽ ചെയർമാന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാസ്റ്റിംഗ് വോട്ടുണ്ടായിരിക്കുന്നതും അദ്ദേഹം ആ വോട്ട് ചെയ്യേണ്ടതുമാണ്. ബോർഡിന്റെ യോഗനടപടിയാണ്. അത് അംഗീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(154) വകുപ്പ് 3(5)-നുശേഷം താഴെ പറയുന്നത് ചേർക്കുക:

"(5എ) നിയമപരമായി ബോർഡിന്റെ ഒരു യോഗം കൂടുന്നതിനുള്ള കോറം പതിനൊന്നായിരിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(158) വകുപ്പ് 3(6)-ൽ "തോന്നുന്ന" എന്നതിനുശേഷം "പ്രത്യേക" എന്നും "ഉപദേശമോ" എന്നതിനുപകരം "വിദഗ്ധോപദേശമോ" എന്നും "വ്യക്തിയുമായും" എന്നതിനു പകരം "വ്യക്തിയുമായോ സ്ഥാപനവുമായോ" എന്നും "ആളിന്" എന്നതിനു പകരം "വ്യക്തിക്കോ സ്ഥാപനത്തിനോ" എന്നും "പങ്കെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും" എന്നതിനു പകരം "പങ്കെടുക്കാവുന്നതും" എന്നും ചേർക്കുക.

(159) വകുപ്പ് 3(6)-ൽ ഉദ്ദേശങ്ങൾക്കുമായി" എന്നതിനുശേഷം "യോഗ്യനായ" എന്ന് ചേർക്കുക.

159-ൽ പറയുന്നത് ഏതൊരു വ്യക്തിയുമായോ എന്നാണ്. ആ വ്യക്തിക്ക് എന്തെങ്കിലും ഒരു ക്വാളിഫിക്കേഷൻ ഫിക്സ് ചെയ്യണ്ടേ? യോഗ്യനായെന്നോ അയോഗ്യനായെന്നോ എന്തെങ്കിലുമൊന്ന് ചേർക്കണ്ടേ?

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(162) വകുപ്പ് 3(6)-നുശേഷം താഴെ പറയുന്ന പുതിയ ഉപവകുപ്പ് ചേർക്കുക:

"(7) ബോർഡിന് ഒരു പൂർണ്ണസമയ സെക്രട്ടറിയും ഓഫീസും ഉണ്ടായിരിക്കേണ്ടതാണ്."

6-ാം ഉപവകുപ്പിനുശേഷം ബോർഡിന് ഒരു പൂർണ്ണസമയ സെക്രട്ടറിയും ഓഫീസും ഉണ്ടായിരിക്കേണ്ടതാണ് എന്നുള്ള പുതിയ ഉപവകുപ്പ് ചേർക്കണമെന്നുള്ളതാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : സർ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(142) വകുപ്പ് 3(3)-ൽ

(ഒ) (പി).(ക്യൂ) ആയി താഴെ പറയുന്നത് ചേർക്കുക.

"(ഒ) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ

(പി) ലീഡ് ബാങ്കിന്റെ പ്രതിനിധി

(ക്യൂ) ട്രാൻസ്പോർട്ട് കമ്മീഷണർ"

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : 140-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. അതായത് ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ടി.എം. ജേക്കബ്ബിന്റെ ഭേദഗതി ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ചത് സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച മറ്റു ഭേദഗതികളും ശ്രീ. കെ. ബാബു, ശ്രീ.ഇ.എം. അഗസ്തി, ശ്രീ. തമ്പാനൂർ രവി, ശ്രീ. പി.ജെ. ഫ്രാൻസിസ്, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(165) വകുപ്പ് 4(1)-ൽ "രണ്ട് ലക്ഷം രൂപയിൽ" എന്നത് "നാലു ലക്ഷം രൂപയിൽ" എന്നാക്കി മാറ്റുക.

(175) വകുപ്പ് 4(3)(സി) യുടെ അവസാനം "മേയറോ" എന്നുകൂടി ചേർക്കുക.

(192) വകുപ്പ് 4(6)-ൽ "ഉദ്ദേശ്യങ്ങൾക്കും വേണ്ടി" എന്നതിനു ശേഷം "യോഗ്യനായ" എന്ന് ചേർക്കുക.

എന്റെ 175-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. ആ കമ്മിറ്റിയിൽ മേയർകൂടെ വേണ്ടേ? കോർപ്പറേഷനകത്താണ് വരുന്നതെങ്കിൽ സ്വാഭാവികമായും മേയർകൂടെ വരണം. അതുകൂടി ചേർക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(166) വകുപ്പ് 4(1) ൽ "നിക്ഷേപമുള്ളതുമായ" എന്ന വാക്കിനുപകരം "നിക്ഷേപമുള്ള"എന്ന വാക്ക് ചേർക്കുക.

(176) വകുപ്പ് 4(3)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നും ലൈസൻസ് ആവശ്യമായി വരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റിനോ അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണിനോ ഒരു പ്രത്യേക ക്ഷണിതാവെന്ന നിലയിൽ യോഗത്തിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും അപ്രകാരം യോഗത്തിൽ പങ്കുചേർന്ന ആളിനെ ജില്ലാ ബോർഡിന്റെ അംഗമായി കരുതാവുന്നതുമാണ്."

(177) വകുപ്പ് 4(3)(സി) താഴെപ്പറയുംപ്രകാരം മാറ്റുക:

"(സി) ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാരും മുനിസിപ്പാലിറ്റിയുടെ ചെയർപെഴ്സണും."

LIBRARY ARCHIVES Kerala Legislative Assembly

(180) വകുപ്പ് 4(3) (ഐ)യിൽ "ഫാക്ടറീസും ബോയിലേഴ്സും" എന്നത് "ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്" എന്നാക്കി മാറ്റുക.

(184) വകുപ്പ് 4(3)-നു പകരം താഴെപ്പറയുന്നത് ചേർക്കുക:

"(3) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതായത്

(എ) ജില്ലാ കളക്ടർ

(ബി) ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ക്ലിയറൻസ് ആവശ്യമായി വരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ, മുനിസിപ്പൽ ചെയർപെഴ്സണോ കോർപ്പറേഷൻ മേയറോ

(ഡി) ജില്ലാ മെഡിക്കൽ ഓഫീസർ

(ഇ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ബന്ധപ്പെട്ട പ്രദേശത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ

(എഫ്) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസറോ അദ്ദേഹത്തിന്റെ അഭാവത്തിൽ സംസ്ഥാന ബോർഡിന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനോ

(ജി) ജില്ലയിലെ ലീഡ് ബാങ്കിന്റെ ജനറൽ മാനേജർ

(196) വകുപ്പ് 4(6)-നുശേഷം താഴെപ്പറയുന്നത് ഉപവകുപ്പ് (7) ആയി ചേർക്കുക:-

"(7) ജില്ലാ ബോർഡിന് അതിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിനായി അതിലെ അംഗങ്ങളിൽനിന്നും നിർണ്ണയിക്കപ്പെട്ടപ്രകാരം രൂപീകരിക്കുന്ന ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണ്."

166-ൽ 'നിക്ഷേപമുള്ളതുമായ' എന്ന വാക്കിനു പകരം 'നിക്ഷേപമുള്ള' എന്ന് ചേർക്കണമെന്നാണ് പറയുന്നത്. ഞാൻ അവതരിപ്പിച്ച ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്നതേയുള്ളൂ. ക്ലാരിറ്റിക്ക് വേണ്ടിയാണ് പറഞ്ഞിരിക്കുന്നത്.

<u>ശ്രീ. പാലോട് രവി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(172) വകുപ്പ് 4(2)-ൽ "പിൻതുടർച്ചാവകാശത്തോടും" എന്നതിനു പകരം "പിൻതുടർച്ചയോടും" എന്നും "പൊതു മുദ്രയോടും ഉള്ള" എന്നതിനു പകരം "പൊതുമുദ്രയോടും കൂടിയ" എന്നും ചേർക്കുക.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(181) വകുപ്പ് 4(3)(എം)-ൽ "അഥവാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി" എന്നത് ഒഴിവാക്കുക.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(179) വകുപ്പ് 4(3) (എച്ച്)-ൽ "എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ" എന്നത് "സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ" എന്നാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാതല ബോർഡിൽ ജില്ലാതല ഓഫീസർമാരാണ് അംഗങ്ങളായിട്ട് വന്നിരിക്കുന്നത്. ബില്ലിൽ പറഞ്ഞിരിക്കുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നാണ്. സാധാരണ ഒരു ജില്ലയിൽ ഒന്നിൽ കൂടുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വരാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയിരിക്കുന്നതാണ് നല്ലതെന്നുള്ള അഭിപ്രായമുണ്ട്. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(183) വകുപ്പ് 4(3)(ഒ) താഴെപറയും പ്രകാരം മാറ്റുക:

"(ഒ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്നതും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്തതുമായ കേരള ജല അതോറിറ്റിയിലെ ഒരു എഞ്ചിനീയർ"

(189) വകുപ്പ് 4(5)-നുശേഷം 4(5എ) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(5എ) ജില്ലാ ബോർഡ് യോഗങ്ങളിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം ജില്ലാ ബോർഡ് തീരുമാനമെടുക്കേണ്ടതും വോട്ട് തുല്യമായി വരുന്നപക്ഷം ചെയർമാന് ഒരു വോട്ടുകൂടിയുണ്ടായിരിക്കുന്നതും അദ്ദേഹം ആ വോട്ട് ചെയ്യേണ്ടതുമാണ്."

<u>ശ്രീ. കെ. ബാബു</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(187) വകുപ്പ് 4(5)-ന്റെ പ്രാരംഭത്തിൽ "ഓരോ" എന്ന വാക്ക് ചേർക്കുകയും "അങ്ങനെയുള്ള" എന്നതിനു പകരം "തീയതിയിലും" എന്നാക്കി മാറ്റുകയും ചെയ്യുക.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(188) വകുപ്പ് 4(5)-ൽ "അങ്ങനെയുള്ള" എന്ന വാക്ക് നീക്കം ചെയ്യുക.

(193) വകുപ്പ് 4(6-)ൽ "ഏതൊരു ആളുമായും" എന്ന വാക്കിനും "പങ്കുചേരാവുന്നതും" എന്ന വാക്കിനും ഇടയിൽ "സ്ഥാപനവുമായും" എന്ന വാക്ക് ചേർക്കുക.

(194) വകുപ്പ് 4(6)-ൽ "ആളിന്" എന്ന വാക്കിനുപകരം "ആളിനോ സ്ഥാപനത്തിന്റെ പ്രതിനിധിക്കോ" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(191) വകുപ്പ് 4(6)-ൽ "ആവശ്യമെന്നു തോന്നുന്ന" എന്നതിനു ശേഷം "പ്രത്യേക" എന്നും "ഉപദേശമോ" എന്നതിനു പകരം "വിദഗ്ദ്ധോപദേശമോ" എന്നും "ഏതൊരു ആളുമായും" എന്നതിനു പകരം "ഏതൊരാളുമായോ സ്ഥാപനവുമായോ" എന്നും ചേർക്കുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. ജില്ലാ ബോർഡിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നുള്ള നിർദ്ദേശം സ്വീകാര്യമല്ല. 4(6) വകുപ്പുപ്രകാരം സംരംഭവുമായി ബന്ധപ്പെട്ടവരെ ആവശ്യമാണെന്ന ഘട്ടത്തിൽ ബോർഡിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണ്. ജില്ലാ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും നടപടിക്രമത്തെ സംബന്ധിച്ചും ചട്ടങ്ങൾ കൊണ്ടുവരുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ.....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഞാൻ 175-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു; ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 21

1. ശ്രീ. സി.ടി. അഹമ്മദ് അലി
2. ശ്രീ. എ.കെ. ആന്റണി
3. ശ്രീ. ഇ.എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. കെ. എ. ചന്ദ്രൻ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. പി.ജെ. ഫ്രാൻസിസ്
8. ശ്രീ. ജോണി നെല്ലൂർ
9. ശ്രീ. ജി. കാർത്തികേയൻ
10. ശ്രീ. എ.കെ. മണി
11. ശ്രീ. ആര്യാടൻ മുഹമ്മദ്
12. ശ്രീ. കെ. നാരായണക്കുറുപ്പ്
13. ശ്രീ. എഴുകോൺ നാരായണൻ
14. ശ്രീമതി രാധാ രാഘവൻ
15. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
16. ശ്രീ. പാലോട് രവി
17. ശ്രീ. തമ്പാനൂർ രവി
18. ശ്രീമതി റോസമ്മ ചാക്കോ
19. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
20. ശ്രീമതി ശോഭനാ ജോർജ്
21. ശ്രീ. തോമസ് ചാഴികാടൻ

പ്രതികൂലിക്കുന്നവർ - 49

1. ശ്രീ. എ. അലിഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ടി.കെ. ബാലൻ
5. ശ്രീ. സി.പി. ബാലൻ വൈദ്യർ
6. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
7. ശ്രീ. വി.കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
12. ശ്രീ. ടി.കെ. ഹംസ
13. ശ്രീ. കെ.ഇ. ഇസ്മയിൽ
14. ശ്രീ. ടി.എസ്. ജോൺ
15. ശ്രീ. ജോസ് ബേബി
16. ശ്രീ. എ. കണാരൻ
17. ശ്രീ. പി.കെ. കുമാരൻ
18. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
19. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
20. ശ്രീ. സി.എ. കുര്യൻ
21. ശ്രീമതി ആർ. ലതാദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീമതി ഒമഴ്സിക്കുട്ടി അമ്മ
24. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
25. ശ്രീ. പിരപ്പൻകോട് മുരളി
26. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
27. ശ്രീ. പി. നാരായണൻ
28. ശ്രീ. ടി.കെ. നൗഷാദ്
29. ശ്രീ. കെ. പ്രകാശ് ബാബു
30. ശ്രീമതി എൻ.കെ. രാധ
31. ശ്രീ. കെ. രാധാകൃഷ്ണൻ
32. ശ്രീ. സി.കെ. രാജേന്ദ്രൻ
33. ശ്രീ. കെ.പി. രാജേന്ദ്രൻ
34. ശ്രീ. രാജു എബ്രഹാം
35. ശ്രീ വി.പി. രാമകൃഷ്ണപിള്ള
36. കടമ്മനിട്ട രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീ. ടി.കെ. രാമകൃഷ്ണൻ
38. ശ്രീ. എസ്. ശർമ്മ
39. ശ്രീ. യു.എസ്. ശശി
40. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
41. ശ്രീ. സത്യൻ മൊകേരി
42. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
43. ശ്രീ. ടി. ശിവദാസമേനോൻ
44. ശ്രീ. പി.എസ്. സുപാൽ
45. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
46. ശ്രീമതി സുശീലാ ഗോപാലൻ
47. ശ്രീ. എം.പി. വർഗ്ഗീസ്
48. ശ്രീ. വർഗ്ഗീസ് വൈദ്യർ
49. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

അനുകൂലിക്കുന്നവർ - 21

പ്രതികൂലിക്കുന്നവർ - 49

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. ജോണി നെല്ലൂരും അവതരിപ്പിച്ച മറ്റു ഭേദഗതികളും സർവ്വശ്രീ. പാലോട് രവി, കെ.പി. രാജേന്ദ്രൻ, തോമസ് ചാഴികാടൻ, ആര്യാടൻ മുഹമ്മദ്, കെ. ബാബു, തമ്പാനൂർ രവി, കെ. എ. ചന്ദ്രൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(197) വകുപ്പ് 5(1) ൽ (1) 'ചെറുകിട വ്യവസായ സംരഭങ്ങളോ' "വ്യവസായ സംരഭങ്ങളോ"എന്നതിനുപകരം വ്യവസായ സംരഭങ്ങൾ' എന്ന് ചേർക്കുക.

(2) "പ്രദേശത്തിനും വേണ്ടി" എന്നതിനു ശേഷം "ഓരോ" എന്ന് ചേർക്കുക.

(200) വകുപ്പ് 5(3) ൽ

(i) (എ) യിൽ 'പ്രിൻസിപ്പൽ' എന്നതു നീക്കം ചെയ്യുക

(ii) (ബി),(എഫ്),(കെ), (എൽ), (എം),(എൻ) എന്നീ പിരിവുകളുടെ പ്രാരംഭത്തിൽ 'ബന്ധപ്പെട്ട' എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(i ii) പിരിവ് (ഡി) യിൽ നിന്നും "നിയുക്ത' എന്നത് നീക്കം ചെയ്യുക

(iv) (എഫ്) ൽ'ജില്ലാ ഓഫീസർ' എന്നതിനു മുൻപ് 'ബന്ധപ്പെട്ട' എന്നു ചേർക്കുക.

(v) (ജി) യിൽ 'ജില്ലാ ഓഫീസർ' എന്നതിനു പകരം 'ബന്ധപ്പെട്ട ജില്ലാ ഓഫീസർ' എന്നു ചേർക്കുക

(vi) പിരിവ് (ഐ) യിൽ 'വൈദ്യുതി ബോർഡിലെ' എന്നതിനു ശേഷം'ബന്ധപ്പെട്ട വ്യവസായ പ്രദേശത്തെ എന്നു ചേർക്കുക.

(vii) പിരിവ് (എൻ.) യിൽ പ്രാരംഭമായി 'ബന്ധപ്പെട്ട വ്യവസായ പ്രദേശ ബോർഡ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിൻമേൽ അധികാര പരിധിസറസുള്ള' എന്നു ചേർക്കുക.

(viii) പിരിവ് (ഒ) യിൽ പ്രാരംഭത്തിൽ 'ബന്ധപ്പെട്ട വ്യവസായ പ്രദേശ ബോർഡ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിൻമേൽ അധികാര പരിധിക്കുള്ള' എന്നു ചേർക്കുക

(ix) ഉപവകുപ്പ് (4) ൽ നിന്നും 'നിയുക്ത' എന്നത് നീക്കം ചെയ്യുക.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(198) വകുപ്പ് 5(1) ൽ ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കേറ്റുകൾ എന്ന വാക്കുകൾക്ക് പകരം ലൈസൻസുകളോ, ക്ലിയ റൻസുകളോ അഥവാ സർട്ടിഫിക്കറ്റുകളോ എന്ന വാക്കുകൾ ചേർക്കുക.

(205) വകുപ്പ് 5(3) (ജെ) യിൽ 'ഫാക്ടറീസും ബോയിലേഴ്സും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

198 ൽ ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ലൈസൻസുകളോ, ക്ലിയറൻസുകളോ അഥവാ സർട്ടിഫിക്കറ്റുകളോ എന്നാക്കി മാറ്റുന്നതാണ് കുറെക്കൂടി ഭംഗി. അങ്ങനെ മാറ്റണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തമ്പാനൂർ രവി : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പി ക്കുന്നു:

(199) വകുപ്പ് 5(1) ൽ 8-ാം വരിയിൽ 'ഏകജാലക ക്ലിയറൻസ്' എന്ന വാക്കുകൾ നീക്കം ചെയ്യുക

(201) വകുപ്പ് 5(3) ൽ (ബി) ആയി താഴെ പറയുന്നത് ചേർക്കുകയും മറ്റുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(ബി) ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയോ, അദ്ദേഹം നാമ നിർദ്ദേശം ചെയ്യുന്ന ആളോ "

(211) വകുപ്പ് 5(3) ന്റെ അവസാനം താഴെ പറയുന്നത് പുതിയ ഇന മായി ചേർക്കുക.

"റീജിണൽ ട്രാൻസ്പോർട്ട് കമ്മീഷണർ."

(220) വകുപ്പ് 5(6)-ൽ 'ഏതൊരാളുമായും' എന്ന വാക്കിനും "കൂട്ടുചേ രാവുന്നതും" എന്ന വാക്കിനും ഇടയിൽ "സ്ഥാപനവുമായും" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(221) വകുപ്പ് 5(6) ന്റെ 6-ാം വരിയിൽ "ആളിനു" എന്ന വാക്കിനു പകരം 'ആളോ സ്ഥാപനത്തിന്റെ പ്രതിനിധിയോ' എന്നു ചേർക്കുക.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(204) വകുപ്പ് 5(3) (ഐ) യിൽ 'വൈദ്യുതി ബോർഡിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ' എന്നീ വാക്കുകൾക്കിടയ്ക്ക് 'ബന്ധപ്പെട്ട പ്രദേശത്തെ' എന്ന വാക്കുകൾ ചേർക്കുക.

പ്രാദേശികമായ ടൗൺഷിപ്പുകൾ രൂപീകരിക്കുന്നത് ബന്ധപ്പെട്ട പ്രദേശത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന വാക്കുകൾ ചേർക്കുന്നതായിരിക്കും നല്ലത്. ഒരു ജില്ലയിൽ രണ്ടും മൂന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉണ്ടായിരിക്കും. എന്നതിനാലാണ് ബന്ധപ്പെട്ട പ്രദേശത്തെ എന്ന വാക്കുകൾ ചേർക്കാൻ നിർദ്ദേശിക്കുന്നത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(216) വകുപ്പ് 5 നു ശേഷം (5 എ) ആയി താഴെപ്പറയും പ്രകാരം ചേർക്കുക:

'(5എ) ജില്ലാ ബോർഡിന്റെ നിയമപരമായ ഒരു യോഗം കൂടുന്നതിനുള്ള കോറം 7 ആയിരിക്കുന്നതാണ് '

(219) 5-ാം വകുപ്പിന്റെ (6) -ാം ഉപവകുപ്പിൽ 'ഉദ്ദേശങ്ങൾക്കും വേണ്ടി' എന്നതിനുശേഷം 'യോഗ്യനായ' എന്നു കൂടി ചേർക്കണം.

ജില്ലാ ബോർഡിന്റെ കോറം പറയുന്നത് നന്നായിരിക്കും.

<u>ശ്രീ. പാലോട് രവി</u> : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(222) വകുപ്പ് 5(6) ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

'(6എ) 6-ാം ഉപവകുപ്പു പ്രകാരം യോഗത്തിൽ സംബന്ധിക്കുന്ന ക്ഷണിതാവിന് ചർച്ചകളിൽ പങ്കെടുക്കാവുന്നതും വോട്ട് ഇല്ലാത്തതുമാകുന്നു.

(6ബി) (6)-ാം ഉപവകുപ്പ് പ്രകാരം വ്യവസായ പ്രദേശബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്ന ക്ഷണിതാവിന് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള അലവൻസുകൾ നൽകാവുന്നതാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, ശ്രീ.ജോണി നെല്ലൂർ അവതരിപ്പിച്ച 205 -ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. ബില്ലിലെ 5-ാം വകുപ്പിൽ ഉൾക്കൊള്ളിച്ച വ്യവസ്ഥകൾ പര്യാപ്തമാണ്. അതിനാൽ മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതിയും സർവ്വ ശ്രീ. പി.ജെ. ഫ്രാൻസിസ് ശ്രീ. തമ്പാനൂർ രവി, തോമസ് ചാഴികാടൻ, ഡൊമിനിക് പ്രസന്റേഷൻ , പാലോട് രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ,താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(223) 6-ാം വകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക:

"തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും വ്യവസായ പ്രാദേശങ്ങളിൽ സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ വ്യവസായ സംരംഭങ്ങൾക്കും കെട്ടിടം പണിയുന്നതിന് ആവശ്യമായ അനുമതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളും , അതിനുള്ള അപേക്ഷ കിട്ടിയാൽ ഒരാഴ്ചയ്ക്കകം നൽകേണ്ടതാണ്."

ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ മന്ത്രി കേൾക്കണം. ഓരോ ബിൽ പാസ്സാകുമ്പോഴും അങ്ങ് കൊടുത്ത അധികാരം എടുത്തുകൊണ്ടുപോവുകയാണ്. നേരത്തെ പാസ്സാക്കിയ ബില്ലിലും എടുത്തുകൊണ്ടുപോയി. ഇപ്പോഴും എടുത്തുകൊണ്ടുപോകുന്നു. അത് ലോക്കൽ ബോഡീസിന്റെ അധികാരത്തെ മാത്രമല്ല അവരുടെ ഇൻകത്തേയും ബാധിക്കും. ഒരു ബിൽഡിംഗ് പെർമിറ്റിനു വേണ്ടി അപേക്ഷ കൊടുക്കുമ്പോൾ അവർക്കൊരു ഫീസ് കിട്ടും. അത് നഷ്ടപ്പെടുന്നു. സർട്ടിഫിക്കറ്റിനുവേണ്ടി വീണ്ടും വരുമ്പോൾ അവർക്ക് ടാക്സ് ചെയ്യാം. അത് മാത്രമല്ല, അപേക്ഷ കൊടുക്കുന്നവരുടെയെങ്കിലും സ്ഥലത്ത് ഒരു ബിൽഡിംഗ് വരുമ്പോൾ, ഞാൻ പറയുന്നത് നിങ്ങൾ അപേക്ഷ കൊടുത്തിട്ട് ഒരു ടൈം ഫിക്സ് ചെയ്യുക. ഏഴ് ദിവസത്തിനകം തിരിച്ചു തന്നില്ലെങ്കിൽ 'Deemed to be given' എന്നുള്ള വകുപ്പ് ഉണ്ടാകും. ഇതൊന്നും ഇല്ലാതിരിക്കുന്നത് ശരിയല്ല. ഇത് അധികാരം കൊടുത്തു എന്ന് പറഞ്ഞതിന് വിപരീതമായിട്ട് വരുന്നതാണ്. അതുകൊണ്ട് ഈ വകുപ്പ് ഞാൻ പറഞ്ഞ പ്രകാരത്തിലോ അല്ലെങ്കിൽ അതിന്റെ ഉദ്ദേശത്തിലോ റീ കാസ്റ്റ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(226) 6-ാം വകുപ്പിന് ആ വകുപ്പിന്റെ തന്നെ (1)-ാം ഉപവകുപ്പ് എന്ന് നമ്പർ നൽകുകയും അപ്രകാരം നമ്പർ നൽകിയ (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്നത് (2)-ാം ഉപവകുപ്പായി ചേർക്കുകയും ചെയ്യുക. " (2) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (1)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിലൊഴിച്ചുള്ള പ്രദേശങ്ങളിൽ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നപക്ഷം അപ്രകാരമുള്ളവർക്ക് പ്രസ്തുത വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പെർമിറ്റുകളോ ലൈസൻസുകളോ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ അതിനുള്ള അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. "

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. സുശീലാ ഗോപാലൻ) : ബില്ലിലെ 6-ാം വകുപ്പിൽ ഉൾകൊള്ളിച്ച വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകാര്യമല്ല. വ്യവസായ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട പെർമിറ്റുകൾ നഗരസഭകളും പഞ്ചായത്തുകളുമാണ് നൽകേണ്ടത്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഗ്രാമ പഞ്ചായത്തുകൾ എന്നതിനു പകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നാക്കേണ്ട ആവശ്യമില്ല. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ആര്യാടൻ മുഹമ്മദ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(227) നിലവിലുള്ള 7-ാം വകുപ്പ് 9-ാം വകുപ്പായും 9-ാം വകുപ്പ് 7-ാം വകുപ്പായും പുന:ക്രമീകരിക്കുക.

(229). 7-ാം വകുപ്പ് (1) ഉപവകുപ്പിലെ "നിയുക്ത അധികാരസ്ഥന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്. എന്നതിനുപകരം" "നിയുക്ത അധികാരസ്ഥന് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ് " എന്നു ചേർക്കുക.

(232) 7-ാം വകുപ്പിലെ 2-ാം ഉപവകുപ്പ് (എ) ഇനത്തിൽ "ശുപാർശ ചെയ്യുന്നതിനോ" എന്ന വാക്കുകൾക്ക് പകരം "നിർദ്ദേശം നൽകുന്നതിനോ" എന്ന വാക്കുകൾ ചേർക്കുക .

[6 PM] ശ്രീ. ഇ.എം.അഗസ്തി : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(228) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "വ്യവസായ സംരംഭമോ ഒരു ചെറുകിട വ്യവസായ സംരംഭമോ" എന്നതിനു പകരം "വ്യവസായ സംരംഭം" എന്ന് ചേർക്കുക.

(231) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ 'മുപ്പത്' എന്നതിനു പകരം 'പതിനഞ്ച്' എന്നു ചേർക്കുക.

(234) 7 -ാം വകുപ്പ് (3)-ാം ഉപവകുപ്പിനുശേഷം താഴെ പറയുംപ്രകാരം പുതിയ (4) -ാം ഉപവകുപ്പ് ചേർക്കുക.

(4) ഏതെങ്കിലും അപേക്ഷ മാറ്റങ്ങൾ വരുത്തി അനുവദിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നപക്ഷം അതുകൊണ്ട് സങ്കടമനുഭവിക്കാനിടയുള്ള ആളിന് പറയാനുള്ളതു പറയുവാൻ ന്യായമായ ഒരവസരം വ്യവസായ പ്രദേശ ബോർഡ് നൽകേണ്ടതാണ്.

234-ാം ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് , 7-ാം വകുപ്പിൽ 3-ാം ഉപവകുപ്പിൽ നിർദ്ദിഷ്ട നിർമ്മാണ സ്ഥാപനമോ അഥവാ യന്ത്രോപകരണ സാധനമോ ആക്ഷേപാർഹമെന്ന് അഭിപ്രായമുള്ള പക്ഷം ക്ലിയറൻസ് നിരസിക്കുന്നതിന് തീരുമാനമെടുക്കാമെന്ന് പറയുന്നുണ്ട്. വ്യവസ്ഥ അനുസരിച്ച് ഏകപക്ഷീയമാണ്. ഹിയറിംഗിനുള്ള അവസരം കൊടുക്കണം.

ഏതെങ്കിലും അപേക്ഷ മാറ്റങ്ങൾ വരുത്തി അനുവദിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നപക്ഷം സങ്കടം അനുഭവിക്കുന്ന ആളിന് പറയാനുള്ളത് പറയാൻ ന്യായമായ ഒരവസരം വ്യവസായ പ്രദേശ ബോർഡ് നല്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

താണ്. എന്നാണ് ഭേദഗതി. ആ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഒരു ഭേദഗതി കൂടി കൊടുത്തിരുന്നു. പ്രിന്റ് ചെയ്ത് വന്നപ്പോൾ ഭേദഗതി കണ്ടില്ല. തർക്കമുള്ള കാര്യമൊന്നുമല്ല. ഈ ബില്ലിലെ 7 ാം ക്ലാസ്സിൽ രണ്ട് സ്ഥലത്ത് പ്രയോഗിച്ചിരിക്കുന്ന "നിയുക്ത അധികാരസ്ഥന് "എന്ന വാക്ക് ഉദ്ദേശിച്ചത്, നിർദ്ദിഷ്ട അധികാരസ്ഥൻ എന്നായിരിക്കും, നിയുക്ത അധികാരസ്ഥൻ എന്ന വാക്ക് ഇവിടെ ചേരുന്നില്ല. a person who is designated, but not taken charge-അതാണ്. നിയുക്ത ഗവർണ്ണർ, നിയുക്ത മുഖ്യമന്ത്രി, നിയുക്ത സ്പീക്കർ എന്നൊക്കെ പറയുന്നത് ഡെസിഗ്നേറ്റ് ചെയ്യുന്നേയുള്ളൂ. അധികാരം ഏറ്റെടുക്കുന്നില്ല. അധികാരം ഏറ്റെടുക്കാത്ത ഒരാളിനു നിയമപരമായി ആപ്ളിക്കേഷൻ സ്വീകരിക്കുന്നതിന് യോഗ്യതയില്ല. അതുകൊണ്ട് 7-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലും 3-ാം ഉപവകുപ്പിലും പരാമർശിച്ചിരിക്കുന്ന വാക്ക് ഭേദഗതി ചെയ്യണം. പക്ഷേ എന്റെ ഭേദഗതി ഇവിടെയില്ല, പ്രിന്റ് ചെയ്ത് വന്നിട്ടില്ല. അത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

[6 PM]

<u>ശ്രീ. തമ്പാനൂർ രവി</u> : ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(230) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ 'മുപ്പത്" എന്ന വാക്കിനു പകരം 'പതിനഞ്ച്" എന്ന വാക്ക് ചേർക്കുക.

(233) 7-ാം വകുപ്പിൽ (2)-ാം ഉപവകുപ്പ് (സി) ഇനമായി താഴെപറയുന്നത് ചേർക്കുക:

'(സി) കേന്ദ്ര സർക്കാരിന്റെ അനുമതി വേണ്ട കാര്യങ്ങളിൽ അത് നേടിയെടുക്കുന്നതിന് വ്യവസായ സംരംഭകരെ സഹായിക്കുക".

ഇതിൽ 233-ാം ഭേദഗതിയിൽ, വ്യവസായ പ്രദേശബോർഡുകൾ അധികാരങ്ങളും ചുമതലകളും എന്ന വകുപ്പിലെ (സി) ആയിട്ട് ഒരു അഡീഷണൽ വകുപ്പ്, കേന്ദ്രസർക്കാരിന്റെ അനുമതി വേണ്ട കാര്യങ്ങളിൽ അത് നേടിയെടുക്കുന്നതിന് വ്യവസായ സംരംഭകരെ സഹായിക്കുക, എന്നതുകൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. ബില്ലിലെ 7-ാം വകുപ്പിൽ ഉൾക്കൊള്ളിച്ച മറ്റ് വ്യവസ്ഥകൾ പര്യാപ്തമാണ്. അതിനാൽ മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച മറ്റു ഭേദഗതികളും. ശ്രീ. ഇ.എം. അഗസ്തി, ശ്രീ. തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(242) വകുപ്പ് 8(1)-ൽ 'രണ്ടു ലക്ഷം' എന്നത് 'നാലു ലക്ഷം' എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(243) വകുപ്പ് 8 (1)-ൽ 'യഥാക്രമമുള്ള അതത് ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്' എന്ന വാക്കുകൾക്ക് പകരം ' ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അപേക്ഷയിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്' എന്ന് മാറ്റി എഴുതുക.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(245) വകുപ്പ് 8 (2)-ൽ 'അറുപതു ദിവസത്തിനകവും' എന്നത് 'മുപ്പത് ദിവസത്തിനകവും' എന്നാക്കുക.

ഈ നിയമത്തിന്റെ ലക്ഷ്യംതന്നെ നിലവിലുള്ള നടപടിക്രമങ്ങൾ ചുരുക്കി എത്രയുംവേഗം വ്യവസായ സംരംഭകർക്ക് ലൈസൻസ് ലഭ്യമാക്കുക എന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉൾക്കൊള്ളുന്ന ബോർഡുകൾ ഒന്നിച്ചുകൂടി അപേക്ഷകളെല്ലാം നോക്കിയിട്ട് അതിൻമേൽ തീരുമാനമെടുക്കാൻ 60 ദിവസം വേണമെന്ന് പറയുന്നത് വളരെ കൂടുതലാണ്. അത് പ്രയോജനകരമല്ല; ഈ ബില്ലിന്റെ ലക്ഷ്യംതന്നെ നേടാൻ സഹായിക്കുകയില്ല. 15 ദിവസമാണ് യഥാർത്ഥത്തിൽ വേണ്ടത്. എങ്കിലും 30 ദിവസമെങ്കിലും നൽകണം. അങ്ങനെ 30 ദിവസത്തിനകം എന്ന അമന്റ്മെന്റ് ഞാൻ അവതരിപ്പിക്കുകയാണ്. അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(246) വകുപ്പ് 8 (2)-ൽ 'അറുപത്' എന്ന വാക്കിനുപകരം 'പതിനഞ്ച്' എന്ന് ചേർക്കുക.

(247) വകുപ്പ് 8 (2) (സി)-ൽ 'അഭിപ്രായമുള്ള പക്ഷം' എന്ന വാക്കിനു പകരം 'ബോദ്ധ്യമുള്ള പക്ഷം' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(250) വകുപ്പ് 8 (3)-ൽ 'അറിയിക്കേണ്ടതാണ്' എന്നത് 'രേഖാമൂലം അറിയിക്കേണ്ടതാണ്' എന്ന് മാറ്റുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതിയും. ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല. 60 ദിവസമെന്നുള്ളത് ചുരുക്കുന്നത് പലപ്രകാരത്തിലും വിഷമങ്ങളുണ്ടാക്കുന്നതാണ്. വേഗത്തിൽത്തന്നെ കൊടുക്കും. പക്ഷേ കുറഞ്ഞ ദിവസങ്ങൾ വച്ചാൽ ചിലപ്പോൾ വളരെയധികം ലിറ്റിഗേഷന് വഴിയാകും. പല കാര്യങ്ങളും നോക്കി ചെയ്യേണ്ടതായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വളരെ ആലോചിച്ചാണ് 60 ദിവസം വച്ചത്. ഇനി പ്രാക്ടിക്കലായി നോക്കാം. 60 ദിവസം ആവശ്യമാണോയെന്ന്.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

സർവ്വശ്രീ ഡൊമിനിക് പ്രസന്റേഷൻ, തോമസ് ചാഴികാടൻ, തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(252) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ 'നാൽപ്പത്തിയഞ്ച്' എന്നതിനുപകരം 'പതിനഞ്ച്' എന്ന് ചേർക്കുക.

(258) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ (ബി) ഇനത്തിലെ 'അഭിപ്രായമുള്ള' എന്നതിനുപകരം 'ബോദ്ധ്യപ്പെടുന്ന' എന്ന് ചേർക്കുക.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(253) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ 'നാൽപ്പത്തിയഞ്ച്' എന്നതിനുപകരം 'പതിനഞ്ച്' എന്ന വാക്ക് ചേർക്കുകയും (എ) ഇനത്തിൽ 'ശുപാർശ ചെയ്യുവാനോ' എന്ന വാക്കുകൾക്കുപകരം ' നിർദ്ദേശിക്കാനോ' എന്ന വാക്കു ചേർക്കുകയും ചെയ്യുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(254) 9-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ 'നാൽപ്പത്തിയഞ്ച്' എന്നതിനുപകരം 'മുപ്പത്' എന്ന് ചേർക്കുക.

ശ്രീ. പാലോട് രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(257) 9-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ 'നാൽപ്പത്തിയഞ്ച്' എന്നതിനു പകരം 'ഇരുപത്തിയൊന്ന് എന്നും (എ) ഇനത്തിൽ 'അപേക്ഷിച്ചതുപ്രകാരമുള്ള' എന്നതിനുപകരം ' അപേക്ഷിച്ച പ്രകാരമുള്ളതോ മാറ്റങ്ങൾ വരുത്തിയതോ ആയ' എന്നും 'ശുപാർശ ചെയ്യുവാനോ' എന്നതിനുപകരം 'നിർദ്ദേശിക്കുവാനോ' എന്നും ചേർക്കുക.

(259) 9-ാം വകുപ്പിൽ (2)-ാം ഉപവകുപ്പ് (ബി) ഇനത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

'എന്നാൽ ഏതെങ്കിലും അപേക്ഷ മാറ്റങ്ങൾ വരുത്തി അനുവദിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നപക്ഷം അതുകൊണ്ട് സങ്കടമനുഭവിക്കാനിടയുള്ള ആളിന് പറയാനുള്ളത് പറയാനുള്ള ന്യായമായ ഒരവസരം സംസ്ഥാന ബോർഡ് നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 9-ാം വകുപ്പിൽ ഉൾക്കൊള്ളിച്ച വ്യവസ്ഥകൾ പര്യാപ്ത മാണ്. അതുകൊണ്ട് ഭേദഗതികളൊന്നും തന്നെ സ്വീകാര്യമല്ല.

സർവ്വശ്രീ തമ്പാനൂർ രവി, ജോണി നെല്ലൂർ, ഡൊമിനിക് പ്രസന്റേഷൻ, പാലോട് രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്ക പ്പെട്ടു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവ തരിപ്പിക്കുന്നു:

(260) വകുപ്പ് 10-ൽ "ശുപാർശ" എന്നതിനുപകരം "നിർദ്ദേശം" എന്നും "ശുപാർശകൾ" എന്നതിനുപകരം "നിർദ്ദേശങ്ങൾ" എന്നും "ശുപാർശ ചെയ്ത" എന്നതിനുപകരം "നിർദ്ദേശിച്ച" എന്നും "അപേ ക്ഷിച്ച പ്രകാരമുള്ള" എന്നതിനുപകരം "അപേക്ഷിച്ചതോ, മാറ്റം വരുത്തി യതോ ആയ പ്രകാരമുള്ള" എന്നും ചേർക്കുക.

(261) വകുപ്പ് 10-ൽ "ശുപാർശകളുടെ," "ശുപാർശ" എന്നീ വാക്കു കൾക്കുപകരം "നിർദ്ദേശത്തിന്റെ" "നിർദ്ദേശം" എന്നീ വാക്കുകൾ യഥാക്രമം ചേർക്കുക.

(262) വകുപ്പ് 10-ൽ നിലവിലുള്ളത് ഒന്നാം ഉപവകുപ്പാക്കുകയും (2)-ാം ഉപവകുപ്പായി താഴെപറയുന്നത് ചേർക്കുകയും ചെയ്യുക:

"(2) സബ് ക്ലാസ്(1) പ്രകാരം നൽകപ്പെട്ടതായി കരുതപ്പെടുന്ന അനു മതി പത്രത്തിന്റെയോ ലൈസൻസിന്റെയോ സർട്ടിഫിക്കറ്റിന്റെയോ അടിസ്ഥാ നത്തിൽ അപേക്ഷകൻ വ്യവസായ സംരംഭം ആരംഭിക്കുവാൻ സ്വീകരിക്കുന്ന നടപടികളുടെ മേൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന് യാതൊരു അനന്തര നടപടിയും സ്വീകരിക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതല്ല."

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്, ഭേദഗതിക ളൊന്നും സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(263) 11-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ "മുപ്പത്" എന്നത് "പതി നഞ്ച്" എന്നാക്കുക.

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പി ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(264) 11-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ "കരുതുന്ന പക്ഷം" എന്നതിനുശേഷം "അപേക്ഷ കക്ഷിയോട്" എന്നും "പറയാൻ" എന്നതിനുശേഷം "ന്യായമായ" എന്നും "മുപ്പത്" എന്നതിനുപകരം "പതിനാല്" എന്നും ചേർക്കുക.

ശ്രീ. ജോണി നെല്ലൂർ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(265) 11-ാം വകുപ്പ് (3)-ാം ഉപവകുപ്പ് നീക്കം ചെയ്യുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

സർവ്വശ്രീ തോമസ് ചാഴികാടൻ, കെ. ബാബു, ജോണി നെല്ലൂർ, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(266) 12-ാം വകുപ്പ്, പ്രസ്തുത വകുപ്പിന്റെ ഒന്നാം ഉപവകുപ്പായി ക്രമീകരിക്കുകയും അതിനുശേഷം താഴെപ്പറയുന്നത് (2)-ാം ഉപവകുപ്പായി ചേർക്കുകയും ചെയ്യുക:

(2) സർക്കാരിലേയ്ക്ക് ബോധിപ്പിക്കുന്ന അപ്പീലിൽ 30 ദിവസത്തിനകം തീരുമാനം ഉണ്ടാക്കേണ്ടതാണ്.

(268) 12-ാം വകുപ്പിൽ "മുപ്പത് ദിവസത്തിനകം" എന്നത് "പതിനഞ്ച് ദിവസത്തിനകം" എന്നാക്കുക.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(270) 12-ാം വകുപ്പിൽ "അപ്രകാരമുള്ള" എന്ന വാക്കിനും "അപ്പീലിന് മേലുള്ള" എന്ന വാക്കിനും ഇടയിൽ താഴെപ്പറയുന്നത് ചേർക്കുക:

"അപ്പീലിൻമേൽ സർക്കാർ അടിയന്തിരമായി തീരുമാനം കൈക്കൊള്ളേണ്ടതും"

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. തമ്പാനൂർ രവി, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(271) വകുപ്പ് 13 (1)-ൽ "ലൈസൻസോ" എന്ന വാക്കിനു ശേഷം "അനുമതി പത്രമോ," എന്ന് ചേർക്കുക.

(272) വകുപ്പ് 13 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നൽകുന്നതി നുള്ള" എന്നതിനു പകരം "നൽകുന്നതിനും ആ കക്ഷിയെ കേൾക്കുന്ന തിനും ഉള്ള ന്യായമായ" എന്നു ചേർക്കുക.

(274) വകുപ്പ് 13 (2)-ൽ "ലൈസൻസോ" എന്നതിനു പകരം "അനു മതി പത്രമോ" എന്ന് ചേർക്കുക.

എന്റെ 271-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് ക്ലിയറൻസ് സർട്ടിഫി ക്കറ്റോ, ലൈസൻസോ എന്നുകഴിഞ്ഞിട്ട് അനുമതി പത്രമോ എന്നുകൂടി ചേർക്കണം എന്നാണ്. കാരണം 2-ാം വകുപ്പിൽ അനുവാദം കൊടുക്കുന്നുണ്ട്. അപ്പോൾ അനുവാദം വാങ്ങിയതും തെറ്റായ രീതിയിലാണെങ്കിൽ അത് ക്യാൻസൽ ചെയ്യണം. അതുകൊണ്ടാണ് ഞാൻ ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ, അനുമതി പത്രമോ എന്നുകൂടി ചേർക്കണം എന്നു പറ ഞ്ഞത്.

272-ാം നമ്പർ ഭേദഗതി ക്ലിപ്ത നിബന്ധനയിലാണ് ഏതെങ്കിലും ഒരു കക്ഷിയെ ബാധിക്കുന്ന യാതൊരു ഉത്തരവും ആ കക്ഷിക്ക് ഒരു നിവേദനം നൽകുന്നതിനുള്ള അവസരം നൽകാതെ സംസ്ഥാന ഗവൺമെന്റ് പാസ്സാ ക്കാൻ പാടില്ല എന്നാണ്. അനുവാദം നൽകുക മാത്രമല്ല അനുവാദം നൽകു ന്നതിനും ആ കക്ഷിയെ കേൾക്കുന്നതിനും ഉള്ള ന്യായമായ അവസരം നൽകാതെ സംസ്ഥാന ഗവൺമെന്റ് പാസ്സാക്കാൻ പാടുള്ളതല്ല. പിന്നെ സമ യപരിധി കൂടി വയ്ക്കണം. It is in the interest of natural justice. അതുകൊണ്ട് ഈ രണ്ട് ഭേദഗതികളും അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവ തരിപ്പിക്കുന്നു:

(273) വകുപ്പ് (13) (1) ന്റെ ക്ലിപ്ത നിബന്ധനയിൽ "നൽകാതെ" എന്നതിനു പകരം താഴെപ്പറയുന്നത് ചേർക്കുക.

"നൽകാതെയും നിവേദനത്തിൽ തീരുമാനമെടുക്കാതെയും."

(276) വകുപ്പ് (13) (2)-ൽ 10-ാം വരിയിൽ "സർട്ടിഫിക്കറ്റോ" എന്ന വാക്കിനുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"ബന്ധപ്പെട്ടവർക്ക് മുൻകൂർ നോട്ടീസ് നൽകിയശേഷം".

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു:

(275) വകുപ്പ് 13 (2)-ൽ "അധികാരിയോട്" എന്ന വാക്കിന് പകരം "അധികാരസ്ഥനോട്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവ തരിപ്പിക്കുന്നു.

(277) വകുപ്പ് 13 (2)-ന്റെ അവസാനം താഴെപ്പറയുന്നത് ചേർക്കുക.

"ഈ നിർദ്ദേശം അനുസരിച്ച് ബന്ധപ്പെട്ട വ്യക്തിയോ അധികാരസ്ഥാ നമോ പതിനഞ്ച് ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്."

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വശ്രീ പി.ജെ. ഫ്രാൻസിസ്, തമ്പാനൂർ രവി, ജോണി നെല്ലൂർ, തോമസ് ചാഴികാടൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(278) വകുപ്പ് 14(1)-ൽ "മുനിസിപ്പൽ സർവ്വീസുകൾ" എന്നത് 'മുനിസിപ്പൽ സർവ്വീസുകളും' എന്നാക്കുക.

(280) വകുപ്പ് 14 (3) നീക്കം ചെയ്യുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(279) വകുപ്പ് 14 (2)-ൽ "മുനിസിപ്പാലിറ്റിയിലോ" എന്നതിനുശേഷം "അഥവാ കോർപ്പറേഷനിലോ" എന്ന് ചേർക്കുക.

ഇനി ഈ നൂറ്റാണ്ടിൽ വേറെ ഒരു ഭേദഗതിയും ഞാൻ അവതരിപ്പിക്കുന്നില്ല. ഇതുകൊണ്ടുമാത്രം നിർത്തുകയാണ്.

മി. സ്പീക്കർ : അത് മന്ത്രിയെ ഒരു വിഷമവൃത്തത്തിലാക്കിയല്ലോ. തള്ളിക്കളയാനും ഒക്കില്ലല്ലോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ ഭേദഗതി സ്വീകരിക്കേണ്ടതാണെന്ന് അങ്ങേയ്ക്ക് ഇതിൽ കൂടുതൽ പറയാൻ കഴിയില്ല.

മി. സ്പീക്കർ : അത് ചെയറിനെ അതിനെക്കാൾ കൂടുതൽ വിഷമത്തിലാക്കിയല്ലോ.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഡോ. എം. എ. കുട്ടപ്പൻ സഭയിൽ ഹാജരില്ലാത്തതിനാൽ അദ്ദേഹത്തിന്റെ 281-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. വകുപ്പ് 14 (3)-ന് ശേഷം താഴെപ്പറയുന്ന പുതിയ ഉപവകുപ്പ് ചേർക്കുക.

"(4) വ്യവസായ ഭരണ പ്രദേശത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്ഥലത്തുനിന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് അനുസരിച്ച് പിരിക്കാവുന്ന നികുതികളും ഫീസുകളും പിരിക്കുവാനോ ഫൈൻ ഈടാക്കുവാനോ ഉള്ള അധികാരം വ്യവസായ നഗര പ്രദേശത്തിന്റെ അധികാരസ്ഥാനത്തിനുണ്ടായിരിക്കുന്നതാണ്." ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മി. സ്പീക്കർ : ഇന്ന് സെഷൻ വളരെ താമസിക്കും എന്ന് കരുതി ഒരു ലഘുഭക്ഷണം തയ്യാറാക്കിയിട്ടുണ്ട്. അതിനുവേണ്ടി 15 മിനിറ്റു നേരത്തേക്ക് പിരിയാം. ബഹുമാനപ്പെട്ട പത്ര സുഹൃത്തുകളും ഒഫീഷ്യൽസും അതിൽ പങ്കെടുക്കണം.

(ഇടവേളയ്ക്കായി വൈകുന്നേരം 6.15 ന് നിർത്തിവച്ച സഭ 6.50 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

15-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(283) 15-ാം വകുപ്പ് (2) ഉപവകുപ്പിൽ "അത്രയും ഡയറക്ടർമാർ" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ഡയറക്ടർമാർ" എന്ന വാക്കുകൾ ചേർക്കുക.

(285) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയും പ്രകാരം ചേർക്കുക.

"(2A) വ്യവസായ നഗര പ്രദേശ അധികാര സ്ഥാനത്തിന്റെ ചെയർമാനെ ഡയറക്ടർമാരിൽ നിന്നും ഗവൺമെന്റ് നിയമിക്കേണ്ടതാണ്.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(287) വകുപ്പ് 15(6)-ൽ "എന്നിരുന്നാലും" എന്നു തുടങ്ങി " വിധത്തിലായിരിക്കേണ്ടതാണ്" എന്ന ഭാഗം നീക്കം ചെയ്യുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ഉം 17-ഉം വകുപ്പുകൾ

16-ഉം 17-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ഉം 17-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(293) വകുപ്പ് 18-ൽ "നിയമസഭാ" എന്നത് "നിയമസഭ" എന്നാക്കുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(294) വകുപ്പ് 19 താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"19. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ:- സർക്കാരിന്, അതതു സമയം ഈ ആക്ടിലെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യവും യുക്തവുമെന്ന് അത് കരുതുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നയപരമായ നിർദ്ദേശങ്ങൾ സംസ്ഥാന ബോർഡിനോ ജില്ലാ ബോർഡിനോ വ്യവസായ പ്രദേശബോർഡിനോ വ്യവസായ നഗര പ്രദേശ അധികാരസ്ഥാനത്തിനോ നൽകാവുന്നതും അതതു സംഗതിപോലെ സംസ്ഥാന ബോർഡോ, ജില്ലാ ബോർഡോ വ്യവസായ പ്രദേശ ബോർഡോ വ്യവസായ നഗര പ്രദേശ അധികാരസ്ഥാനമോ അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാനും നടപടികൾ കൈക്കൊള്ളുവാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്."

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. തോമസ് ചാഴികാടൻ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

ശ്രീ. കെ. ബാബു : സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(295) വകുപ്പ് 20(2)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(2എ) ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്നുമാസത്തിനുള്ളിൽ ഓരോ വ്യവസായ നഗര പ്രദേശ അധികാരസ്ഥാനവും ഓരോ ജില്ലാ ബോർഡും ഓരോ വ്യവസായ പ്രദേശ ബോർഡും അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ടും ആഡിറ്റ് ചെയ്ത പ്രകാരമുള്ള കണക്കും സംസ്ഥാന ബോർഡിനു നൽകേണ്ടതും സംസ്ഥാന ബോർഡ് അതിന്റെ പ്രവർത്തന റിപ്പോർട്ടും ആഡിറ്റ് ചെയ്തതു പോലുള്ള അതിന്റെ കണക്കും കൂടി യോജിപ്പിച്ച് തുടർന്നു വരുന്ന മൂന്നു മാസത്തിനുള്ളിൽ വിശദമായ റിപ്പോർട്ടിന്റേയും ആഡിറ്റു ചെയ്ത പ്രകാരമുള്ള കണക്കിന്റേയും സ്റ്റേറ്റ്മെന്റ് ഗവൺമെന്റിനു നൽകേണ്ടതും ഗവൺമെന്റ് അത് അടുത്തുകൂടുന്ന നിയമസഭാ സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമാണ്".

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(296) വകുപ്പ് 21-ൽ "ഉദ്യോഗസ്ഥനായി" എന്നതിനു പകരം "ഉദ്യോഗസ്ഥന്മാരായി" എന്നു ചേർക്കേണ്ടതാണ്.

കാരണം ഉദ്യോഗസ്ഥൻ എന്നു പറഞ്ഞാൽ ഒരാൾ മാത്രമാണ്. ഭാഷാശുദ്ധിയുടെ പ്രശ്നം മാത്രമേയുള്ളൂ. ആശയത്തിന്റെ പ്രശ്നമില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ആശയം വ്യക്തമാണ്. അതുകൊണ്ട് അതുമതി. ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(297) വകുപ്പ് 22-ൽ "സംബന്ധിച്ച്" എന്ന വാക്കിനും "ഏതെങ്കിലും" എന്ന വാക്കിനും ഇടയിൽ താഴെപ്പറയുന്നത് ചേർക്കുക.

"മറിച്ച് സ്ഥാപിക്കപ്പെടാത്തിടത്തോളം കാലം"

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(298) വകുപ്പ് 23-ന്റെ മാർജിനൽ ശീർഷകത്തിൽ "ക്രമക്കേടുകൾ" എന്ന വാക്കിനു പകരം "അപാകതകൾ" എന്ന വാക്ക് ചേർക്കുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24 മുതൽ 26 വരെയുള്ള വകുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

24 മുതൽ 26 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24 മുതൽ 26 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പ്

ശ്രീ. തോമസ് ചാഴികാടൻ : സർ ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(300) വകുപ്പ് 27(2) "സർക്കാരിന്" "റെഗുലേഷനുകൾ" എന്നീ വാക്കുകൾക്കിടയിൽ "മേൽപ്പറഞ്ഞ" എന്ന വാക്ക് ചേർക്കുക.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ചാഴികാടൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

28-ാം വകുപ്പ്

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(301) വകുപ്പ് 28 (2) താഴെപ്പറയുംപ്രകാരം മാറ്റുക:

"(2) (1)-ാം ഉപവകുപ്പു പ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും ഉത്തരവ് പുറപ്പെടുവിച്ചശേഷം ആദ്യം ചേരുന്ന നിയമസഭാ സമ്മേളനം മുമ്പാകെ വയ്ക്കേണ്ടതാണ്.

ശ്രീമതി സുശീലാ ഗോപാലൻ : ഭേദഗതി സ്വീകാര്യമാണ്.

ശ്രീ. തോമസ് ചാഴികാടൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

[7 PM] ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(104) ബില്ലിന്റെ പേര് "1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ" എന്നത് "1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര സ്ഥാപനവും ബിൽ" എന്നാക്കുക.

(108) പീഠികയിലെ 4-ാം ഖണ്ഡികയിൽ "വ്യവസായ പ്രദേശവികസന അധികാര സ്ഥാനങ്ങൾ" എന്നത് "വ്യവസായ നഗര പ്രദേശ വികസന അധികാര സ്ഥാനങ്ങൾ" എന്നാക്കുക.

സർ, 104- അനുസരിച്ച് വ്യവസായ നഗര സ്ഥാപനവും ബിൽ എന്നു ചേർക്കുന്നതായിരിക്കും പേരിനു ഭംഗി. കാരണം, വ്യവസായ പ്രദേശ വികസനമല്ല. സെക്ഷൻ 14-ൽ വ്യവസായ നഗരപ്രദേശത്തിന്റെ സ്ഥാപനം എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് സ്ഥാപനം എന്നു ചേർക്കുന്നതായിരിക്കും നല്ലതെന്നു തോന്നുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(106) പീഠികയിലെ രണ്ടാം ഖണ്ഡികയിൽ "സർട്ടിഫിക്കറ്റുകളും" എന്നതിനു ശേഷം "സമ്മത പത്രങ്ങളും" എന്നുകൂടി ചേർക്കുക.

(109) 1-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ "ബോർഡുകളും" എന്നതിനു പകരം "ബോർഡുകളുടെ സ്ഥാപിക്കലും" എന്ന് ചേർക്കുക. സർ, 106 എന്നു പറയുന്നത് 'സർട്ടിഫിക്കറ്റുകളും' എന്നതിനു ശേഷം 'സമ്മതപത്രങ്ങളും' എന്നു ചേർക്കുക എന്നതാണ്. 109-ൽ പറയുന്നത് 1-ാം വകുപ്പിലെ ഉപവകുപ്പിൽ 'ബോർഡുകൾ' എന്നതിനു പകരം 'ബോർഡുകളുടെ സ്ഥാപിക്കലും' എന്നു ചേർക്കുന്നതായിരിക്കും നല്ലത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : ഈ സഹസ്രാബ്ദത്തിലെ അവസാനത്തെ ബില്ലാണിത്. അവസാനത്തെ സഭയുമാണ്.

അവകാശലംഘന പ്രശ്നങ്ങൾ

XII (a) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ : ഓർഡർ, ഓർഡർ...

1997 ഏപ്രിൽ 11-ാം തീയതിയിലെ മലയാള മനോരമ ദിനപ്പത്രത്തിൽ "മദ്യവിരുദ്ധവാദം രണ്ടെണ്ണം അടിച്ചിട്ട്: ലോറൻസ്" എന്ന തലക്കെട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly